മൂക്കിൽ നിന്നും രക്തം വരുന്ന ഒരാളെ കർത്താവ് സുഖപ്പെടുത്തുന്നു
(താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2024 മെയ് മാസം അഞ്ചാം തിയ്യതി ഞാനും എന്റെ മകനും കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. എനിക്ക് 25 വർഷത്തോളമായി അനീമിയ എന്ന രോഗം ഉണ്ടായിരുന്നു. ആയിരത്തിൽ ഒരാൾക്ക് മാത്രം വരുന്ന രോഗമാണിത്. മൂക്കിൽ നിന്നും ഇടയ്ക്കിടയ്ക്ക് രക്തം വരുമായിരുന്നു. മൂക്കിൽ നിന്നും രക്തം വരാൻ തുടങ്ങിയാൽ കുറെ സമയം കഴിഞ്ഞാൽ മാത്രമേ അത് നിൽക്കുമായിരുന്നുള്ളൂ. ഒരു ദിവസം മൂന്നും നാലും തവണ രക്തം വരുന്ന അവസ്ഥയായിരുന്നു. ജോലി ചെയ്യുമ്പോഴും യാത്ര ചെയ്യുമ്പോഴും വലിയ ബുദ്ധിമുട്ടായിരുന്നു. എനിക്ക് രോഗശാന്തിയിൽ ഒരു വിശ്വാസവും ഉണ്ടായിരുന്നില്ല. പല ധ്യാനങ്ങളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന സമയത്ത് ആദ്യത്തെ രണ്ട് ദിവസവും എന്റെ മൂക്കിൽ നിന്ന് രക്തം വരുന്നുണ്ടായിരുന്നു. ഒരു ദിവസം മൂക്കിൽ നിന്ന് രക്തം വരുന്നത് കാരണം ഭക്ഷണം കഴിക്കുവാൻ പോലും എനിക്ക് സാധിച്ചിരുന്നില്ല. ബുധനാഴ്ച ദിവസം അൾത്താരയിൽ നിന്നും ബ്രദർ വിളിച്ചു പറഞ്ഞു: **"മൂക്കിൽ നിന്നും രക്തം വരുന്ന ഒരാളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു"** എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. സൗഖ്യം കിട്ടുകയാണെങ്കിൽ ഒരു വർഷത്തിനുശേഷം കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം വെച്ചു. ഇപ്പോൾ ഒരു വർഷവും മൂന്നുമാസവും കഴിഞ്ഞു. ഇതുവരെ ഒരു തവണ പോലും എന്റെ മൂക്കിൽ നിന്ന് രക്തം വന്നിട്ടില്ല. അത്ഭുത രോഗശാന്തി നൽകി എന്നെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.



ജെയിംസ്
കൂരാച്ചുണ്ട്

ഷോളി എന്ന വ്യക്തിയോട് ദശാംശം നൽകി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു
(താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2024 സെപ്റ്റംബർ മാസത്തിൽ കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്ന് ഞാൻ താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. വ്യാഴാഴ്ച ദിവസം ആരാധനയുടെ സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **"ഷോളി എന്ന വ്യക്തിയോട് ദശാംശം നൽകി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. ധ്യാനം കഴിഞ്ഞ് വീട്ടിൽ ചെന്നതിനുശേഷം ഞാൻ ദശാംശം നൽകി പ്രാർത്ഥിക്കാൻ തുടങ്ങി. 11 വർഷമായി എന്റെ വീടിന്റെ പെയിന്റിംഗ് നടത്താൻ സാധിക്കുന്നുണ്ടായിരുന്നില്ല. വലിയ തടസ്സമായിരുന്നു. അത്ഭുതം എന്ന് പറയട്ടെ ദശാംശം നൽകി പ്രാർത്ഥിക്കാൻ തുടങ്ങിയതിനുശേഷം 11 വർഷങ്ങൾക്ക് ശേഷം എന്റെ വീടിന്റെ പെയിന്റിങ് പണി പൂർത്തിയാക്കാൻ സാധിച്ചു. കൂടാതെ നാലുവർഷമായി എന്റെ മകന് ഒരു വണ്ടി വാങ്ങുവാനായി ആഗ്രഹിക്കുന്നുണ്ടായിരുന്നു. അവൻ ആഗ്രഹിച്ചതുപോലെ ഒരു വാഹനം വാങ്ങാൻ ഞങ്ങൾക്ക് സാധിച്ചു. 17 വർഷമായി എന്റെ വീട്ടിൽ വാഷിംഗ് മെഷിനും ഫ്രിഡ്ജും ഉണ്ടായിരുന്നില്ല, അത് വാങ്ങാനും ഞങ്ങൾക്ക് സാധിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

ഷോളി
തൃശ്ശൂർ

നാലുവർഷമായുള്ള വിവാഹ തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു
(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

30 വയസ്സ് പ്രായമുള്ളപ്പോൾ മുതൽ വിവാഹം ആലോചിക്കുന്നുണ്ടെങ്കിലും വിവാഹം നടക്കുന്നുണ്ടായിരുന്നില്ല. ഈ സമയത്ത് എന്റെ കൂട്ടുകാർ പറഞ്ഞാണ് അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് അറിയുവാൻ ഇടയായത്. തുടർന്ന് എല്ലാ ചൊവ്വാഴ്ചയും നിയോഗം വെച്ച് അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുവാനായി തുടങ്ങി. കൂടാതെ ദശാംശം നൽകി പ്രാർത്ഥിക്കാം എന്ന് തീരുമാനിക്കുകയും ചെയ്തു. ഒരു വർഷത്തോളം അത്ഭുതങ്ങളുടെ ജപമാലയിൽ നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചത് വഴി നാലുവർഷമായുള്ള എന്റെ വിവാഹ തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. 35-ാമത്തെ വയസ്സിൽ എന്റെ വിവാഹം നടന്നു. ആരോഗ്യമുള്ള ഒരു കുഞ്ഞിനെയും നൽകി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

സന്തോഷ്
കോഴിക്കോട്

മരിച്ചുപോയ വ്യക്തി ഉപയോഗിച്ചിരുന്ന മുണ്ട് കത്തിച്ചു കളഞ്ഞപ്പോൾ അറിയാതെ യൂറിൻ പോകുന്ന അവസ്ഥ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു
(നിഷിദ്ധ വസ്തുക്കൾ എടുത്തുമാറ്റിയപ്പോൾ കിട്ടിയ അനുഗ്രഹം)

മരണപ്പെട്ട എന്റെ സഹോദരന്റെ മുണ്ട് ഞാൻ സൂക്ഷിച്ചു വച്ചിരുന്നു. എന്റെ മകൻ കുറച്ചുനാളുകളായി ആ മുണ്ട് ധരിക്കുന്നുണ്ടായിരുന്നു. എന്റെ സഹോദരന് അറിയാതെ മൂത്രം പോകുന്ന അവസ്ഥ ഉണ്ടായിരുന്നു. എന്റെ മകൻ ആ മുണ്ട് ഉപയോഗിക്കാൻ തുടങ്ങിയതിനു ശേഷം അവനും അതേ അസുഖം പിടിപ്പെട്ടു. ഏൽ റൂഹ ശുശ്രൂഷകളിൽ മരിച്ചു പോയവരുടെ ചില വസ്തുക്കൾ ഉപയോഗിക്കരുത് എന്ന് റാഫേൽ അച്ചൻ പറഞ്ഞതനുസരിച്ച് എന്റെ സഹോദരന്റെ മുണ്ട് ഞങ്ങൾ കത്തിച്ചു കളഞ്ഞു. അതിനുശേഷം ഇതുവരെ അറിയാതെ യൂറിൻ പോകുന്ന അവസ്ഥ എന്റെ മകന് ഉണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, 30 വർഷത്തോളമായി എന്റെ ഇടത്തെ ചെവിയിൽ നിന്ന് വെള്ളം പോകുന്ന രോഗാവസ്ഥ എനിക്ക് ഉണ്ടായിരുന്നു. ഒരു ശനിയാഴ്ച ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തിരുന്നു. അന്നേദിവസം കുമ്പസാരിച്ചതിനുശേഷം ധ്യാന ഹാളിൽ വന്നിരുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **"സിൽവി എന്ന മകളെ കർത്താവ് അനുഗ്രഹിക്കുന്നു"** എന്ന്. അപ്പോൾ ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. അതിനുശേഷം ഇപ്പോൾ ഒന്നര മാസത്തോളമായി ചെവിയിൽ നിന്നും വെള്ളം വരുന്ന അവസ്ഥ എനിക്കുണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

മൂന്നാമതായി, എന്റെ കൈയിൽ നിറയെ ചുളിവുകൾ ഉണ്ടായിരുന്നു. അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചുപറഞ്ഞു: **"സ്കിൻ അലർജിയുള്ളവർ വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിക്കുക"** എന്ന്. എന്റെ കൈയിൽ ഞാൻ വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചു. അതിനുശേഷം എന്റെ കൈയിലെ ചുളിവുകൾ എല്ലാം മാറി സ്കിൻ സോഫ്റ്റ് ആയി. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

സിൽവി, കുറ്റൂർ

ഉത്തരീയം ധരിച്ചതിലൂടെ പാമ്പുകടിയിൽ നിന്ന് രക്ഷപ്പെട്ട ഒരു വ്യക്തിയോട് സാക്ഷ്യപ്പെടുത്താൻ കർത്താവ് ആവശ്യപ്പെടുന്നു
(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

2025 ജൂൺ മാസം മുതൽ ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാറുണ്ട്. എനിക്ക് നാളുകളായി ഗ്യാസ്ട്രബിളും എന്ത് ഭക്ഷണം കഴിച്ചാലും വയറിന് ബുദ്ധിമുട്ട് വരുന്ന അവസ്ഥയും ഉണ്ടായിരുന്നു. എല്ലാ തരം ഭക്ഷണങ്ങളും കഴിക്കാൻ എനിക്ക് സാധിക്കില്ലായിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **"നേർച്ച നിറവേറ്റാത്ത മിനി എന്ന സഹോദരിയോട് നേർച്ച നിറവേറ്റാനും തുറന്ന കുമ്പസാരം നടത്താനും കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. എനിക്ക് ഒരു നേർച്ച കടം ഉണ്ടായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞതിന് ശേഷം ഞാൻ നേർച്ച നിറവേറ്റുകയും തുറന്ന ഒരു കുമ്പസാരം നടത്തുകയും ചെയ്തു. പിന്നീട് ഒരു ദിവസം എനിക്ക് ശക്തമായ വയറുവേദന വന്നു. ഹോസ്പിറ്റലിൽ പോയി ഡോക്ടറെ കാണിച്ചപ്പോൾ ഡയബറ്റിക്ലസ് എന്ന രോഗം ആണെന്ന് കണ്ടുപിടിച്ചു. അല്പം വൈകിയിരുന്നെങ്കിൽ സീരിയസ് ആകുമായിരുന്നു എന്നാണ് ഡോക്ടർ പറഞ്ഞത്. ഈ രോഗാവസ്ഥ ഒരിക്കലും മാറില്ല എന്നാൽ കൂടുതൽ ശ്രദ്ധിച്ചു വേണം മുന്നോട്ടു പോവാൻ എന്ന് ഡോക്ടർ പറഞ്ഞു. ഒരാഴ്ചയ്ക്ക് ശേഷമുള്ള അത്ഭുതങ്ങളുടെ ജപമാല കണ്ട സമയത്ത് റാഫേൽ അച്ചൻ വിളിച്ച് പറഞ്ഞു: **"മിനി എന്ന മകളോട് കിട്ടിയ അനുഗ്രഹം സാക്ഷ്യപ്പെടുത്താൻ കർത്താവ് പറയുന്നു"** എന്ന്. ഉദര സംബന്ധമായ രോഗം കണ്ടുപിടിക്കാൻ സാധിച്ചതിൽ കർത്താവിനോടു ഞാൻ നന്ദി പറയുന്നു.

രണ്ടാമതായി, എന്റെ ഭർത്താവ് ഉത്തരീയം ധരിക്കാറുണ്ടായിരുന്നു. ഒരു ദിവസം സോക്സും ഷൂവും ധരിച്ച് പുറത്തേക്ക് ഇറങ്ങിയപ്പോൾ പെട്ടെന്ന് എന്തോ അസ്വസ്ഥത തോന്നി ഷൂസ് ഊരിയപ്പോൾ ഒന്നര അടി നീളമുള്ള അണലി പാമ്പ് ഷൂസിന്റെ ഉള്ളിൽ ഉണ്ടായിരുന്നു. ഉത്തരീയം ധരിച്ചിരുന്നതിനാൽ അണലി പാമ്പ് കടിച്ചില്ല. അത്ഭുതകരമായി കർത്താവ് രക്ഷപ്പെടുത്തി. ചൊവ്വാഴ്ച ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **"ഉത്തരീയം ധരിച്ചതിലൂടെ പാമ്പുകടിയിൽ നിന്ന് രക്ഷപ്പെട്ട ഒരു വ്യക്തിയോട് സാക്ഷ്യപ്പെടുത്താൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് കോടാനുകോടി നന്ദി.



മിനി, തൊടുപുഴ

ഏൽ റൂഹ ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ

♦ ഏകദിന കൺവെൻഷൻ ♦ എല്ലാ മാസവും താമസിച്ചുള്ള ധ്യാനങ്ങൾ ♦ അത്ഭുതങ്ങളുടെ ജപമാലയും വി. അന്തോണീസിനോടുള്ള നൊവേനയും

എല്ലാ ശനിയാഴ്ചകളിലും രാവിലെ 8.45 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ഏകദിന കൺവെൻഷൻ ഉണ്ടായിരിക്കും

♦ വചനപ്രഘോഷണം ♦ കൗൺസിലിംഗ് ♦ കുമ്പസാരം ♦ വി. കുർബ്ബാന
♦ രോഗശാന്തി ശുശ്രൂഷ ♦ വാഹന വെഞ്ചിരിപ്പ്
♦ മൊബൈൽ ഫോൺ വെഞ്ചിരിപ്പ് ♦ പാസ്പോർട്ട് വെഞ്ചിരിപ്പ്



നയിക്കുന്നത്
ഫാ. റാഫേൽ കോക്കാടൻ CMI

ശനിയാഴ്ചകളിൽ കടലുണ്ടി ധ്യാനകേന്ദ്രത്തിലേക്ക് വാഹന സൗകര്യം ഉണ്ടായിരിക്കും.

1 ജെസ്സി ഡേവിസ് – അരിമ്പൂർ 9847610026
2 ജോയ് – പഴുവിൽ 9400448390
3 ബേബി ദൈവശ്ശം – തൃശൂർ ശക്തൻ സ്റ്റാൻഡ് 9846848822
4 പോളി – കുരിയച്ചിറ 9847056535
5 ജാക്സൺ – അരണാട്ടുകര 8157840857
6 സജി – മണ്ണുത്തി, തിരൂർ 9446800024
7 മേബിൾ മത്തായി – പറപ്പൂർ, അമല 9961490441, 9061231815
8 ആന്റോ – ഒളരി 9946356552
9 നിസ, സീന, ലിജോ – പോട്ട, ചാലക്കുടി 9061146260, 9048107272, 9846454299
10 ബെസ്റ്റിൻ – ചാലക്കുടി 8943811335
11 ഷീന – അമല 9496168681
12 റിബി – പുതുക്കാട്, കൊരട്ടി 9567922309
13 ചാക്കോ – ചിറ്റിശ്ശേരി (തൃശൂർ) 9895808567
14 റീന – ഒല്ലൂർ, മരത്താക്കര 9288407160
15 മോളി – തൃക്കൂർ, പൊന്നൂക്കര 8547010726
16 ടീന – ഇരിങ്ങാലക്കുട, കാട്ടൂർ 9846750306
17 സിസിലി – ഇരിങ്ങാലക്കുട, മാപ്രാണം 8589029467
18 ലിജി – ഇരിങ്ങാലക്കുട, താഴേക്കാട് 9846258585
19 ബിജു – ചെട്ടിക്കാട് 9961718020
20 ജെയിംസ് & ജോസഫ് – കുറ്റിക്കാട്, മാരാംകോട്, തൂമ്പാക്കോട് 9061060075, 9656166535
21 ആന്റു – കല്ലൂർ, മരത്താക്കര 9544840910
22 ഷീബ തോമസ് – മാള 8078086165
23 ജെയ്നി – പാവറട്ടി 9961052743
24 സിനീഷ് – വരന്തരപ്പിള്ളി, പള്ളിക്കുന്ന് 9447677606
25 ലെനിൻ – നടത്തറ, തൃശൂർ 9961524912
26 ഫ്ളോറി ജോസ് – മച്ചാട് 9048171065
27 ബിജു – മരുതോങ്കര 9497501225
28 സന്തോഷ് – ചെമ്പനോട, കൂരാച്ചുണ്ട് 9778405645, 9495083802
29 ജിജോ – മുതുകാട്, പെരുവണ്ണാമൂഴി 9495643488
30 അനീഷ് – വയനാട് 8590012465, 9447341265
31 ജെറിൻ – കോഴിക്കോട് കോടഞ്ചേരി 8281408837
32 അസ്സി ജോസ് – തോട്ടുമുക്കം 9495959211
33 ജോൺസി – വെറ്റിലപ്പാറ 9946817528
34 ജോസഫ് – പെരിന്തൽമണ്ണ, (മലപ്പുറം) 9744270532
35 സാബു – നിലമ്പൂർ 9495153615, 8301895725
36 ലിജി – കാടുകുറ്റി, ചാലക്കുടി 8943278758
37 വിനീഷ് – പ്രാർത്ഥന ട്രാവൽസ് ചെറുപുഴ, ചെമ്പേരി, ഇരിട്ടി 9388004601, 7558004601
38 ലാലി – വൈപ്പിൻ (എറണാകുളം) 8921291044
39 രാജു – കൂനമ്മാവ് (എറണാകുളം) 9747474142
40 സാബു – പറവൂർ, കൂനമ്മാവ് 9846994013
41 റോയ് – തൊടുപുഴ (ഇടുക്കി) 9847233444
42 ജോൺസൺ – കൊടുങ്ങല്ലൂർ, ഗോതുരുത്ത് 9744907333
43 റീന സ്റ്റീഫൻ – എറണാകുളം, വൈപ്പിൻ, വല്ലാർപ്പാടം 8281146188
44 സെബി – മറ്റം 9846770650
45 ഷീല – പെരിഞ്ചേരി 98959 25355
46 ഷീന – മാള, സ്നേഹഗിരി 97444 13783
47 ഡിൻസി – തൃപ്പൂണിത്തുറ 8907288221
48 ജസ്റ്റിൻ – ചാലക്കുടി 90611 57626
49 വിൻസെന്റ് – കാലടി 82812 22789
50 ജോഷി – ചിറ്റാട്ടുകര 9847854734, 8547864734
51 ഷിമ്മി – പരിയാരം (തൃശ്ശൂർ) 9539127114, 9745107129
52 മാർട്ടിൻ – പെരുമ്പാവൂർ 9847748680
53 സുബിൻ – മുണ്ടൂർ 9995603801
54 ബാബു പി. ജെ. – മുണ്ടൂർ 94477 37772
55 ഷീബ – തിരുവില്ലാമല 9496849913
56 ഷിബു – ഉളിക്കൽ 9495520233

ഏൽ റൂഹ ധ്യാനകേന്ദ്രത്തിലേക്ക് വരുന്ന വഴി

തൃശൂരിൽ നിന്നും കോഴിക്കോട് ബസ് കയറുക എന്നിട്ട് യൂണിവേഴ് സിറ്റിയിൽ ഇറങ്ങുക. അവിടെ നിന്ന് (അത്താണി, കോട്ടക്കടവ്) എന്നി പേരുള്ള ബസിൽ കയറി കോട്ടക്കടവ് ഇറങ്ങുക. എന്നിട്ട് ഓട്ടോയ്ക്കോ, നടന്നോ കാൽവരി ഹിൽസ് പള്ളിയിൽ എത്താം.

കോഴിക്കോട് ഭാഗത്ത് നിന്നും വരുമ്പോൾ കടലുണ്ടി, കോട്ടക്കടവ് എന്നീ പേരുള്ള ബസ്സിൽ കയറി കോട്ടക്കടവ് ഇറങ്ങുക. എന്നിട്ട് ഓട്ടോയ്ക്കോ നടന്നോ കാൽവരി ഹിൽസ് പള്ളിയിൽ എത്താം.

ഫറോക്ക് നിർത്തുന്ന ട്രെയിൻ ആണെങ്കിൽ ഫറോക്ക് ഇറങ്ങി ബസ് സ്റ്റാന്റിലേക്ക് വരിക. അവിടെ നിന്ന് (പരപ്പനങ്ങാടി, കടലുണ്ടി, ചാലിയം, തിരൂർ) ഈ ബസ്സുകളിൽ ഏതിൽ കയറിയാലും കോട്ടക്കടവ് ഇറങ്ങാം. അവിടെ നിന്ന് കാൽവരി ഹിൽസ് പള്ളിയിലേക്ക് ഓട്ടോയ്ക്കോ നടന്നോ വരാം.

പരപ്പനങ്ങാടി നിർത്തുന്ന ട്രെയിൻ ആണെങ്കിൽ പരപ്പനങ്ങാടി ഇറങ്ങി ബസ്സ് സ്റ്റാന്റിലേക്ക് വരിക. എന്നിട്ട് (കോഴിക്കോട്, കടലുണ്ടി, ചാലിയം) ഈ പേരുള്ള ബസ്സിൽ കയറി കോട്ടക്കടവ് ഇറങ്ങുക. അവിടെ നിന്ന് കാൽവരി ഹിൽസ് പള്ളിയിലേക്ക് വരിക.

എല്ലാ മാസവും താമസിച്ചുള്ള രണ്ട് ധ്യാനങ്ങൾ
ഞായറാഴ്ച വൈകിട്ട് 5.30ന് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 7.30 മണിക്ക് അവസാനിക്കുന്നു.
മുൻകൂട്ടി ബുക്ക് ചെയ്യുക. ഫോൺ നമ്പർ 7994809775, 7356739713

ഈ ദൈവഭവനത്തെ സാമ്പത്തികമായി സഹായിക്കുവാനായി താഴെ കാണുന്ന **Bank Account Number** പ്രയോജനപ്പെടുത്തുക

EL RUHA RETREAT CENTRE	ACCOUNT NO : 0134073000062955
A/C NO. 120025852125	ACCOUNT NAME : ELRUHA RETREAT CENTRE
CANARA BANK,	IFS CODE: SIBL0000134
KADALUNDI	SOUTH INDIAN BANK
IFSC: CNRB0000732	BRANCH: FEROKE

എല്ലാ ആഴ്ചയും ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ കൗൺസിലിംഗിന് സൗകര്യം ഉണ്ടായിരിക്കും.
ഒരു ദിവസം 20 പേർക്ക് ആയിരിക്കും അവസരം. BOOK ചെയ്യാൻ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.
79 94 80 97 75, 73 56 73 97 13

എല്ലാ ആഴ്ചയിലും വ്യാഴം, വെള്ളി ദിവസങ്ങളിൽ ഫോണിലൂടെ കൗൺസിലിംഗ് ഉണ്ടായിരിക്കും.
വ്യാഴാഴ്ച ഇന്ത്യയ്ക്ക് ഉള്ളിലുള്ള മലയാളികൾക്കും വെള്ളിയാഴ്ച വിദേശത്തുള്ള മലയാളികൾക്കും ആയിരിക്കും.
വ്യാഴാഴ്ച വിളിക്കേണ്ട നമ്പർ 70 12 29 79 27
വെള്ളിയാഴ്ച വിളിക്കേണ്ട നമ്പർ 73 06 31 87 94, 73 06 32 54 93, 70 12 29 79 27

Office Time 9.00 am to 5.00 pm
പതിനായിരങ്ങളിലേക്ക് ദൈവാനുഗ്രഹങ്ങൾ വർഷിക്കുന്ന
"അത്ഭുതങ്ങളുടെ ജപമാലയും വി. അന്തോണീസിനോടുള്ള നൊവേനയും"
എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7.30ന് യൂട്യൂബ് ചാനലിൽ
"EL-RUHA RETREAT -YOUTUBE" ചാനൽ Subscribe ചെയ്യുക

ധ്യാന ബുക്കിംങ്ങിനും അന്വേഷണങ്ങൾക്കും
EL - RUHA RETREAT CENTRE
St. Pauls House, Calvary Hills, Kadalundi P.O. Kozhikode 673 302
Ph: 7994809775, 7356739713
മറ്റ് വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.
Web: www.elruharetreatcentre.com | Email: elruharetreat@gmail.com

Published by Fr. Raphael Kokkadan CMI (Director El-Ruha Retreat Centre) Kadalundi Ph: 7994809775 Private Circulation Only. Printed at Santhibhavan Offset Press, Kannamkulangara, Thrissur Ph: 93490 18918

Jesus Our Savior

ഏൽ റൂഹ ധ്യാനകേന്ദ്രം
സാക്ഷ്യത്തിന്റെ സുവിശേഷം

"ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽ നിന്നു ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു." (ലൂക്കാ 6 :19)

എപ്പോഴും വെന്തിങ്ങ ധരിക്കൂ. നല്ല മരണം നേടൂ, ദുർമരണം ഒഴിവാക്കൂ

യേശുക്രിസ്തു ഇന്നും ജീവിക്കുന്നു

February 2026

മൂക്കുത്തി, സെക്കന്റ് സ്റ്റെഡ്, മിഞ്ചി, ശരീരത്തിൽ പച്ചകുത്തൽ, പുരുഷന്മാർ കാത് കുത്തുന്നത് എന്നിവ ശരിയോ തെറ്റോ?

ഇന്ന് മൂക്കുത്തി, സെക്കന്റ് സ്റ്റെഡ്, മിഞ്ചി, ശരീരത്തിൽ പച്ചകുത്തൽ, പുരുഷന്മാർ കാത് കുത്തുന്നത് എന്നിവ വളരെ സാധാരണമായിരിക്കുന്നു. ഇത് കത്തോലിക്കരുടെ ഇടയിൽ ചില ചോദ്യങ്ങൾ ഉയർത്തുന്നു: ഒന്നാമത്തെ ചോദ്യം അവ പാപമാണോ? എന്നതാണ്. രണ്ടാമത്തെ ചോദ്യം കത്തോലിക്കാ സഭ അവ വിലക്കുന്നുണ്ടോ? എന്നതാണ്. ഈ രണ്ടു ചോദ്യങ്ങളുടെയും ഉത്തരം "അതെ" എന്നോ "അല്ല" എന്നോ സഭ പഠിപ്പിക്കുന്നില്ല. മറിച്ച്, സഭ തന്റെ വിശ്വാസികളെ വിവേകത്തോടെ അവരുടെ ശരീരം കൊണ്ട് ദൈവത്തെ ബഹുമാനിക്കാനും/ അനാദരവ് കാണിക്കുന്നതോ/ മറ്റുള്ളവരെ പാപത്തിലേക്ക് നയിക്കുന്നതോ ആയ പ്രവൃത്തികൾ ഒഴിവാക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

1. ശരീരം കൊണ്ട് ദൈവത്തെ ബഹുമാനിക്കുക

വി. പൗലോസ് പറയുന്നു: "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കോറി. 6:19-20). ഇതിനർത്ഥം ക്രിസ്ത്യാനികൾ അവരുടെ ശരീരത്തോട് മാന്യമായും ബഹുമാനത്തോടെയും പെരുമാറണം എന്നാണ്. കാരണം, ഒരു ക്രിസ്ത്യാനിയുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്. അതുകൊണ്ടു തന്നെ, ആത്യന്തികമായി നമ്മുടെ ശരീരം ദൈവത്തിന്റേതാണ്; അതുകൊണ്ട് നമ്മൾ നമ്മുടെ ശരീരത്തിൽ എന്തു ചെയ്യുന്നുണ്ടെങ്കിലും, മൂക്കുത്തി, സെക്കന്റ് സ്റ്റെഡ്, മിഞ്ചി, ശരീരത്തിൽ പച്ച കുത്തൽ അതെല്ലാം ഈ വലിയ ദൈവികസത്യത്തെ പ്രതിഫലിപ്പിക്കണം.

2. ശരീരത്തോട് അനാദരവ് കാണിക്കരുത്

"നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ" (1 കോറി. 3:16-17). അതിനാൽ ശരീരത്തെപ്പറ്റിയുള്ള തീരുമാനങ്ങൾ ബഹുമാനത്തോടെയാണ് എടുക്കേണ്ടത്. ശരീരത്തിന് കേട് വരുത്തുന്നതായ പ്രവൃത്തികൾ, മറ്റുള്ളവരെ പാപത്തിലേക്ക് ആകർഷിക്കുന്നതായ പ്രവൃത്തികൾ, മനുഷ്യശരീരത്തെ വികലമാക്കുന്ന പ്രവൃത്തികൾ (ശരീരത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തൽ) തീവ്രമായ ദോഷകരമായ ശരീരമാറ്റങ്ങൾ കൊണ്ട് വരുന്ന പ്രവൃത്തികൾ - ഇവയെല്ലാം കത്തോലിക്കാ പഠിപ്പിക്കലിന് വിരുദ്ധമാണ്. ഇതിൽ ഒന്നാണ് പച്ചകുത്തൽ.

പച്ചകുത്തൽ (ടാറ്റൂ) ക്രൈസ്തവന് ചെയ്യാമോ?

"ദേഹത്ത് പച്ചകുത്തരുത്. ഞാനാണ് കർത്താവ്" (ലേവ്യ. 19:28). പച്ചകുത്തൽ പാപമാകുന്നത് പ്രധാനമായും അതിന്റെ ഉള്ളടക്കം, സന്ദേശം, ഉദ്ദേശം, അനാരോഗ്യകരമായ സമ്പ്രദായങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കും. ഉദാ: ലൈംഗിക ഭാഗങ്ങളിലെ പച്ചകുത്തൽ, ലൈംഗികമായ ചിന്തകൊണ്ട് വരുന്ന ചിത്രങ്ങളോ വാക്യങ്ങളോ പച്ചകുത്തൽ, ചർമ്മത്തിന് ഗുണകരമല്ലാത്ത രീതിയിലുള്ള പച്ചകുത്തൽ, പൈശാചിക ചിത്രങ്ങളോ, സിമ്പലുകളോ, അന്യദൈവങ്ങളുടെ ചിത്രങ്ങളോ പച്ചകുത്തൽ, കാണുമ്പോൾ അറപ്പ് തോന്നുന്ന രീതിയിൽ ശരീരത്തിന്റെ പല ഭാഗങ്ങളിലും പച്ചകുത്തൽ etc. അതുകൊണ്ടു തന്നെ പച്ചകുത്തൽ ക്രിസ്ത്യാനിക്ക് ഒട്ടും ചേർന്ന പ്രവൃത്തിയല്ല.

കൈയിൽ പച്ച കുത്തിയ ഒരു മകനെ കർത്താവ് കാണിക്കുന്നു. ഇതുവരെ അത് കുമ്പസാരത്തിൽ പറഞ്ഞിട്ടില്ല. ഏറ്റുപറഞ്ഞു കുമ്പസാരിച്ചാൽ വിസാ തടസ്സം മാറും എന്ന് കർത്താവ് സന്ദേശം തരുന്നു (അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

എന്റെ മകന് നാളുകളായി വിസാ തടസ്സം ഉണ്ടായിരുന്നു. നാല് സ്ഥലങ്ങളിൽ അപ്ലൈ ചെയ്തുവെങ്കിലും ഒന്നും ശരിയാകുന്നുണ്ടായിരുന്നില്ല. ഞാൻ ഒരു വർഷമായി അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്നുണ്ട്. എന്റെ മകന് വേണ്ടി ഞാൻ തുടർച്ചയായി നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **"കൈയിൽ പച്ച കുത്തിയ ഒരു മകനെ കർത്താവ് കാണിക്കുന്നു. ഇതുവരെ അത് കുമ്പസാരത്തിൽ പറഞ്ഞിട്ടില്ല. ഏറ്റുപറഞ്ഞു കുമ്പസാരിച്ചാൽ വിസാ തടസ്സം മാറും എന്ന് കർത്താവ് സന്ദേശം തരുന്നു"** എന്ന്. എന്റെ മകൻ കൈയിൽ ഒരു മാലാഖയുടെ ചിത്രം പച്ചകുത്തി വെച്ചിരുന്നു. അച്ചൻ ഇത് വിളിച്ച് പറഞ്ഞതിനുശേഷം അവൻ പച്ചക്കുത്തിയത് കുമ്പസാരത്തിൽ ഏറ്റു പറഞ്ഞു. അത്ഭുതമെന്നു പറയട്ടെ ഒരാഴ്ചയ്ക്ക് ശേഷം ജർമ്മനിക്കുള്ള അവന്റെ വിസ വരുകയും ചെയ്തു. അവന്റെ വിസാ തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അത്ഭുതം പ്രവർത്തിച്ച കർത്താവിന് ഒരായിരം നന്ദി.

രജനി സ്റ്റീഫൻ
കാലടി

മനഃശാസ്ത്രം എന്ത് പറയുന്നു?

മൂക്കുത്തി, സെക്കന്റ് സ്റ്റെഡ്, മിഞ്ചി തുടങ്ങിയവ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നുണ്ടോ? ഇവ കുത്തുന്നത് പൊതുവേ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്നാണ് മനഃശാസ്ത്രജ്ഞർ പറയുന്നത്. എന്നിരുന്നാലും, ചില വ്യക്തികളിൽ ഒന്നിലധികം ശരീരമാറ്റങ്ങളും അപകടകരമായ പെരുമാറ്റ പ്രശ്നങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവ ധരിക്കാത്ത വ്യക്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവ ധരിച്ച വ്യക്തികളിൽ പുകവലി, മദ്യപാനം, ലൈംഗികാസക്തി തുടങ്ങിയവ ഉണ്ടാകാനുള്ള ഉയർന്ന സാധ്യതയുള്ളതായി ഗവേഷണം കണ്ടെത്തിയിട്ടുണ്ട്.

3. മറ്റുള്ളവരെ പാപത്തിലേക്ക് നയിക്കരുത്

"കർത്താവ് അരുളിചെയ്തു: സീയോൻ പുത്രിമാർ ഗർവിഷ്ഠരും ഞെളിഞ്ഞു നടക്കുന്നവരും കടക്കണ്ണെറിയുന്നവരും പാദസരം കിലുക്കി അലസഗമനം ചെയ്യുന്നവരും ആണ്. കർത്താവ് അവരുടെ ശിരസ്സ് ചിരങ്ങുകൊണ്ടു നിറയ്ക്കും. അവരെ നഗ്നരാക്കും. അന്നു കർത്താവ് അവരുടെ പാദസരത്തിന്റെ അലങ്കാരവും തലമുടി നാടയും കിരീടവും കുണ്ഡലവും വളയും കണ്ഠപടവും ശിരോവസ്ത്രവും തോൾവളയും അരപ്പട്ടയും സുഗന്ധച്ചിമിഴും ഏലസ്സും മുദ്രമോതിരവും മൂക്കുത്തിയും വിലപിടിച്ച വസ്ത്രവും മേലങ്കിയും കുപ്പായവും ചെറുസഞ്ചിയും ലോലമായ വസ്ത്രവും പട്ടുവസ്ത്രവും തലപ്പാവും മൂടുപടവും എടുത്തുമാറ്റും" (ഏശയ്യ 3: 16- 23). സീയോനിലെ അഹങ്കാരികളായ സ്ത്രീകളുടെ മേലുള്ള ദൈവത്തിന്റെ കോപം വെളിപ്പെടുത്തുന്ന വചനഭാഗമാണിത്. സീയോനിലെ സ്ത്രീകൾ നല്ല അഹങ്കാരികളും, വശീകരിക്കുന്ന നോട്ടങ്ങൾ ഉള്ളവരും, ആഡംബരഭ്രമം ഉള്ളവരും, ആഭരണഭ്രമം ഉള്ളവരും ആയിരുന്നു. സീയോനിലെ സ്ത്രീകൾ ബാഹ്യരൂപത്തിൽ കൂടുതൽ ശ്രദ്ധിച്ച് കൊണ്ട് (ബാഹ്യമായ അലങ്കാരങ്ങളിലുള്ള അമിതമായ ശ്രദ്ധ) അവരുടെ സൗന്ദര്യത്തിലും ആഡംബരത്തിലും മുഴുകി സ്റ്റൈലിനും ഫാഷനും വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് അഹങ്കാരത്തോടെ ജീവിച്ചവരാണ്. മൂക്കുത്തി അമിതമായ അഹങ്കാരത്തിന്റെ പ്രതീകമായി ഈ വചനഭാഗത്ത് എടുത്ത് പറയുന്നു. (പണ്ട് കാലം മുതൽക്കേ കാത് കുത്തുന്നത് പെൺകുട്ടികളുടെ വളർച്ചയുടെയും സൗന്ദര്യത്തിന്റെയും ഭാഗമായി കണക്കാക്കിയിരുന്നു. എന്നാൽ രണ്ടാമത്തെ കുത്ത് (സെക്കന്റ് സ്റ്റെഡ്) കൂടുതൽ സ്റ്റൈലിനും ഫാഷനുമായി ചെയ്യുന്നതാണ്.) എന്നാൽ ദൈവത്തിന്റെ ന്യായവിധി വരുമ്പോൾ ഉപരിപ്ലവമായ സൗന്ദര്യവും ആഡംബരവും അവർക്ക് നാണക്കേടായി മാറുമെന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു. "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ. 23:11-12).

ഓവറിയിൽ സിസ്റ്റുള്ള ഒരു മകളോട് മൂക്കുത്തി അഴിച്ചു മാറ്റി പ്രാർത്ഥിക്കുവാൻ കർത്താവ് സന്ദേശം തരുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

നാളുകളായി ഞാൻ മൂക്കുത്തി ധരിക്കുന്നുണ്ടായിരുന്നു. ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനത്തിന് വരുന്ന സമയത്ത് എന്റെ വീട്ടിലുള്ള എല്ലാവരും മൂക്കുത്തി ഊരി മാറ്റാൻ എന്നോട് പറഞ്ഞിരുന്നു . പക്ഷേ എനിക്ക് അതിൽ ഒട്ടും വിശ്വാസം ഉണ്ടായിരുന്നില്ല. അതിനാൽ ഞാൻ മൂക്കുത്തി ഊരി മാറ്റിയിരുന്നില്ല. ഞായറാഴ്ച ആദ്യത്തെ ദിവസം ആരാധന കഴിഞ്ഞപ്പോൾ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **"ഓവറിയിൽ സിസ്റ്റുള്ള ഒരു മകളോട് മൂക്കുത്തി ഊരി മാറ്റി പ്രാർത്ഥിക്കുവാൻ കർത്താവ് സന്ദേശം തരുന്നു"** എന്ന്. ഈ സന്ദേശം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമായി. 5 വർഷത്തോളമായി എനിക്ക് PCOD ഉണ്ട്. ഓവറിയിൽ സിസ്റ്റ് ഉണ്ട്. കൂടാതെ 5 വർഷത്തോളമായി എന്റെ പിരീഡ്സ് ക്രമം അല്ലായിരുന്നു. ഓരോ തവണ പിരീഡ്സ് ആകുമ്പോഴും ഒരു ദിവസം മാത്രമേ ബ്ലീഡിങ് ഉണ്ടാകുമായിരുന്നുള്ളൂ. വലിയ ബുദ്ധിമുട്ടിലൂടെയായിരുന്നു ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്. കൂടാതെ നാളുകളായി എനിക്ക് അലർജി രോഗം ഉണ്ടായിരുന്നു. എപ്പോഴും ജലദോഷവും തുമ്മലും വരുമായിരുന്നു. രാവിലെ എഴുന്നേറ്റാൽ ചുരുങ്ങിയത് 20 തവണയെങ്കിലും ഞാൻ തുമ്മുമായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞപ്പോൾ തന്നെ ഞാൻ എന്റെ മൂക്കുത്തി ഊരി മാറ്റി. അത്ഭുതം എന്ന് പറയട്ടെ അന്നേദിവസം തന്നെ എനിക്ക് പിരീഡ്സ് ആയി. വർഷങ്ങൾക്ക് ശേഷം ആ ധ്യാന ദിവസങ്ങളിൽ നോർമൽ ബ്ലീഡിങ് നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. അഞ്ചു ദിവസവും നോർമലായി ബ്ലീഡിങ് ഉണ്ടായിരുന്നു. ഇത്രയും വലിയ അനുഗ്രഹം തന്ന കർത്താവിന് നന്ദി.

രണ്ടാമതായി, എനിക്ക് ഇടത്തെ കാൽമുട്ടിന് ശക്തമായ വേദനയും നീർക്കെട്ടും ഉണ്ടായിരുന്നു. സ്റ്റെപ്പ് കയറാനും നടക്കാനും മുട്ടുകുത്താനും വലിയ ബുദ്ധിമുട്ടായിരുന്നു. ഒരു ദിവസം ആരാധനയുടെ സമയത്ത് ബ്രദർ വിളിച്ചുപറഞ്ഞു: "ഇടത്തെ കാൽമുട്ടിന് നീർക്കെട്ടുള്ള ഒരു വ്യക്തിയെ കർത്താവ് സൗഖ്യപ്പെടുത്തുന്നു" എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. അതിനുശേഷം എനിക്ക് നടക്കാനോ സ്റ്റെപ്പ് കയറാനോ മുട്ടുകുത്താനോ യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എന്റെ കാൽമുട്ട് വേദന സൗഖ്യപ്പെടുത്തി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

ക്രിസ്റ്റീന
തൃശൂർ

സെക്കന്റ് സ്റ്റെഡും, തേർഡ് സ്റ്റെഡും ഊരി മാറ്റി പ്രാർത്ഥിച്ചത് വഴി അഞ്ചുവർഷത്തോളമായ മൈഗ്രെൻ തലവേദന സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

എനിക്ക് 5 വർഷമായി ശക്തമായ മൈഗ്രെൻ തലവേദന ഉണ്ടായിരുന്നു. കഴുത്തു മുതൽ തലവരെ ശക്തമായ വേദനയുണ്ടായിരുന്നു. എന്റെ കണ്ണും കാതും വീങ്ങി വരുമായിരുന്നു. തല അനക്കുമ്പോഴും തട്ടുമ്പോഴും ശക്തമായ വേദന ആയിരുന്നു. ഫ്രീസറിൽ നിന്നും ഐസ് എടുത്ത് തുണിയിൽ കെട്ടി തലയിൽ വയ്ക്കുമായിരുന്നു. ഭക്ഷണം കഴിക്കുമ്പോഴും ചവയ്ക്കുമ്പോഴും തലവേദന വരുമായിരുന്നു. ലൈറ്റ് കാണുമ്പോഴും ശബ്ദങ്ങൾ കേൾക്കുമ്പോഴും എനിക്ക് വലിയ ബുദ്ധിമുട്ടു വരുമായിരുന്നു. എന്നോട് ആരെങ്കിലും സംസാരിക്കാൻ വരുമ്പോൾ ഞാൻ ദേഷ്യപ്പെടുമായിരുന്നു. തലവേദന വരുന്ന സമയത്ത് എന്റെ അമ്മ നെറ്റിയിൽ വിക്സ് പുരട്ടുമ്പോൾ പോലും എനിക്ക് വലിയ ദേഷ്യം വരുമായിരുന്നു. എന്റെ തലയിൽ തൊടാൻ സാധിക്കാത്ത വിധത്തിലുള്ള ശക്തമായ തലവേദനയായിരുന്നു. പലപ്പോഴും എന്റെ അമ്മ തലയിൽ കൈവച്ച് കരഞ്ഞ് പ്രാർത്ഥിച്ചിട്ടുണ്ട്. ശബ്ദം കേൾക്കാൻ സാധിക്കാത്തത് കാരണം പള്ളിയിൽ കുർബാനയ്ക്ക് പോകുമ്പോൾ പോലും കുർബാന ചൊല്ലുന്ന അച്ചനോട് എനിക്ക് വലിയ ദേഷ്യം ആയിരുന്നു. പിന്നീട് നാളുകളായി ഞാൻ പള്ളിയിൽ പോകാറില്ലായിരുന്നു. പല ഡോക്ടർമാരെ കാണിച്ചെങ്കിലും മൈഗ്രെൻ തലവേദന ആണെന്നാണ് പറഞ്ഞിരുന്നത്. ഡോക്ടർമാർ എനിക്ക് പാരസെറ്റമോൾ മരുന്നാണ് മൂന്നു നേരം കഴിക്കാനായി തന്നിരുന്നത്. രണ്ടുവർഷം മരുന്നു കഴിച്ചെങ്കിലും എന്റെ തലവേദന മാറുന്നുണ്ടായിരുന്നില്ല. പഠിക്കാൻ ബുക്ക് തുറന്നിരിക്കുമ്പോൾ എന്റെ കണ്ണുകൾ എല്ലാം മങ്ങിയ അവസ്ഥയായിരുന്നു. പഠിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. എന്റെ ചേച്ചി കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ആ സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **"സെക്കന്റ് സ്റ്റെഡ് കുത്തിയവർ ഊരി മാറ്റുക"** എന്ന്. എന്റെ ചേച്ചി സെക്കന്റ് സ്റ്റെഡ് ധരിച്ചിട്ടുണ്ടായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞപ്പോൾ തന്നെ എന്റെ സഹോദരി സെക്കന്റ് സ്റ്റെഡ് ഊരി മാറ്റി പ്രാർത്ഥിച്ചു. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം എന്റെ സെക്കന്റ് സ്റ്റെഡ് ഊരി മാറ്റാൻ ചേച്ചി എന്നോട് ആവശ്യപ്പെട്ടു. ഞാൻ 2 സ്റ്റെഡ് കുത്തിയിട്ടുണ്ടായിരുന്നു. തുടർന്ന് എന്റെ കാതിൽ നിന്ന് ഞാൻ സെക്കന്റ് സ്റ്റെഡും, തേർഡ് സ്റ്റെഡും ഊരി മാറ്റി. അധികം വൈകാതെ തന്നെ ഞാൻ കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്ന് ഒരു താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തു. ധ്യാനത്തിന് വന്ന സമയത്ത് റാഫേൽ അച്ചൻ സെക്കന്റ് സ്റ്റെഡ് കുത്തുന്നതിനെക്കുറിച്ചും മൂക്കുത്തി കുത്തുന്നതിനെ കുറിച്ചും ക്ലാസുകൾ എടുത്തപ്പോഴാണ് ഞാൻ മുൻപ് സെക്കന്റ് സ്റ്റെഡ് കുത്തിയിരുന്നത് ഓർത്തത്. ആ സമയത്ത് ശ്രദ്ധിച്ചപ്പോൾ ധ്യാന ഹാളിലെ ശബ്ദങ്ങൾ കേട്ടിട്ടും അത്രയും ലൈറ്റുകൾ ഉണ്ടായിരുന്നിട്ടും എനിക്ക് തലവേദന വന്നിട്ടുണ്ടായിരുന്നില്ല. അപ്പോഴാണ് എന്റെ തലവേദന പൂർണ്ണമായും സൗഖ്യപ്പെട്ടു എന്ന കാര്യം ഞാൻ തിരിച്ചറിഞ്ഞത്. സെക്കന്റ് സ്റ്റെഡും, തേർഡ് സ്റ്റെഡും ഊരി മാറ്റിയത് വഴി 5 വർഷമായി എനിക്കുണ്ടായിരുന്ന ശക്തമായ തലവേദന എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു.

Fr. റാഫേൽ കോക്കാടൻ CMI

രണ്ടാമതായി, എന്റെ ചെറുപ്പം മുതൽ എനിക്ക് തലകറക്കം ഉണ്ടായിരുന്നു. എവിടെയെങ്കിലും നിന്ന് കഴിഞ്ഞാൽ ഞാൻ തലകറങ്ങി വീഴുന്ന അവസ്ഥയായിരുന്നു. പള്ളിയിൽ കുർബാനക്ക് നിൽക്കുമ്പോൾ പോലും തലകറങ്ങി വീണിട്ടുണ്ട്. ബാത്റൂമിൽ കുളിക്കുമ്പോൾ പോലും അമ്മ എനിക്ക് കാവൽ നിൽക്കുമായിരുന്നു. എന്റെ ചേച്ചി ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം ഉത്തരീയം കഴുത്തിൽ ധരിക്കാൻ പറയുകയും ഞാൻ ഉത്തരീയം ധരിക്കുകയും ചെയ്തു. ഉത്തരീയം കഴുത്തിൽ ധരിച്ചതിനുശേഷം എനിക്ക് തലകറക്കം ഉണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

മൂന്നാമതായി, 8 വർഷമായി അരി കഴിക്കുന്ന ശീലം എനിക്കുണ്ടായിരുന്നു. എന്റെ ചേച്ചി പറഞ്ഞതനുസരിച്ച് ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുമ്പോൾ അച്ചൻ വിളിച്ചുപറഞ്ഞു: **"ധാരാളം അരി വാരി കഴിക്കുന്ന ഒരു മകളോട് അത് നിർത്താൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞതിന് ശേഷം പിന്നീട് ഞാൻ അരി കഴിച്ചിട്ടില്ല. പരിപൂർണ്ണ വിടുതൽ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. എട്ടു വർഷമായുള്ള ഈ ശീലത്തിൽ നിന്ന് വിടുതൽ നൽകി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി. ഇത്രയും വലിയ അനുഗ്രഹങ്ങൾ എന്റെ ജീവിതത്തിൽ വർഷിച്ച യേശുവിന് കോടാനുകോടി നന്ദി.

ബിബിന

കാലിൽ മിഞ്ചി ധരിച്ച മക്കളോട് അത് ഊരി മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് പറയുന്നു
(താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2025 സെപ്റ്റംബർ മാസത്തിൽ ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ആദ്യത്തെ ദിവസം

(ശേഷം പേജ് 2 ൽ)

(എഡിറ്റോറിയൽ തുടർച്ച)

ഞായറാഴ്ച അച്ചൻ വിളിച്ചുപറഞ്ഞു: **"കാലിൽ മിഞ്ചി ധരിച്ച മക്കളോട് അത് ഊരി മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് പറയുന്നു"** എന്ന്. ഞാൻ കാലിൽ മിഞ്ചി ധരിച്ചിരുന്നു. ഉടൻതന്നെ ഞാനെന്റെ മിഞ്ചി ഊരി മാറ്റി പ്രാർത്ഥിച്ചു. മറ്റൊരു ദിവസം അച്ചൻ വിളിച്ചുപറഞ്ഞു: **"പാൽ കഴിക്കുമ്പോൾ വയറിന് ബുദ്ധിമുട്ടു വരുന്ന ഒരാളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു"** എന്ന്. ഞാൻ പാലൊഴിച്ച ചായ കുടിക്കാറുണ്ടായിരുന്നില്ല. പാലൊഴിച്ച ചായ കുടിക്കുമ്പോൾ എന്റെ വയറിന് ബുദ്ധിമുട്ട് വരുമായിരുന്നു. ധ്യാനത്തിന് വന്ന സമയത്ത് ഞാൻ അഞ്ചു ദിവസവും പാലൊഴിച്ച ചായ കുടിച്ചിരുന്നു. പാലൊഴിച്ച ചായ കുടിച്ചിട്ടും എനിക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിന് ശേഷവും പാലൊഴിച്ച ചായ ഞാൻ കുടിക്കാറുണ്ട്. എന്റെ ഉദരസംബന്ധമായ രോഗം പൂർണ്ണമായും സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. കാലിലെ മിഞ്ചി ഊരി മാറ്റി പ്രാർത്ഥിച്ചത് വഴിയായി എന്നെ സൗഖ്യപ്പെടുത്തിയ കർത്താവിന് ഒരായിരം നന്ദി.

സിബെല്ല, മുക്കം

ഉദരസംബന്ധമായ രോഗാവസ്ഥയുള്ള ഒരു സഹോദരിയെ കാണിക്കുന്നു, ഈ വ്യക്തിയുടെ മകൻ കാതിൽ കമ്മൽ കുത്തിയിട്ടുണ്ട്. അത് അഴിച്ചു മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു (ഏൽറൂഹ ഏകദിന ബൈബിൾ കൺവെൻഷൻ)

അഞ്ചുവർഷമായി സ്ട്രോക്ക് വന്നതിനെ തുടർന്ന് ഇടതു ഭാഗം തളർന്നു പോയ വ്യക്തിയാണ് ഞാൻ. രണ്ടു മാസങ്ങൾക്ക് മുമ്പ് ശക്തമായ നടുവേദനയും വയറുവേദനയും വന്നതിനെ തുടർന്ന് ഡോക്ടറെ കാണിച്ചപ്പോൾ ബയോപ്സിക്ക് അയക്കുകയും റിസൾട്ടിൽ ക്യാൻസർ ഫസ്റ്റ് സ്റ്റേജ് ആണെന്ന് ഡോക്ടർ പറയുകയും ചെയ്തു. രണ്ടാഴ്ച കഴിഞ്ഞ് ശേഷം ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ ഒരു ശനിയാഴ്ച വന്ന് ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. അന്നേദിവസം റാഫേൽ അച്ചൻ ഒരു സന്ദേശം വിളിച്ചുപറഞ്ഞു: **"ഉദരസംബന്ധമായ രോഗാവസ്ഥയുള്ള ഒരു സഹോദരിയെ കാണിക്കുന്നു. ഈ വ്യക്തിയുടെ മകൻ കാതിൽ കമ്മൽ കുത്തിയിട്ടുണ്ട്. അത് അഴിച്ചു മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. അച്ചൻ ഈ സന്ദേശം പറഞ്ഞപ്പോൾ തന്നെ എന്റെ മകൻ കാതിൽ കമ്മൽ കുത്തിയിട്ടുണ്ടെന്ന് മനസ്സുകൊണ്ട് എനിക്ക് [illegible]. വീട്ടിൽ ചെന്ന ഉടനെ അവനോട് കമ്മൽ ഊരി മാറ്റി പ്രാർത്ഥിക്കാൻ ഞാൻ ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞത് അനുസരിച്ച് അവൻ കാതിൽ നിന്ന് കമ്മൽ ഊരി മാറ്റി. രണ്ടു ദിവസം കഴിഞ്ഞ് വീണ്ടും ടെസ്റ്റ് റിസൾട്ട് വാങ്ങിക്കുവാനായി ഞാൻ ഹോസ്പിറ്റലിൽ ചെന്നപ്പോൾ ക്യാൻസർ ഫസ്റ്റ് സ്റ്റേജ് ആണെന്ന് എന്നോട് പറഞ്ഞ അതേ ഡോക്ടർ തന്നെ എന്നോട് പറഞ്ഞു ക്യാൻസർ സെല്ലുകൾ ഒന്നും കാണാനില്ല, റിസൾട്ട് നെഗറ്റീവ് ആണെന്ന്. എനിക്ക് വലിയ അത്ഭുതമായി. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. മകന്റെ കാതിലെ കമ്മൽ അഴിച്ചു മാറ്റിയതു വഴി എന്റെ ക്യാൻസർ രോഗം എടുത്തുമാറ്റി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

ലില്ലി, കല്ലായി

ബൈബിൾ എന്ത് പഠിപ്പിക്കുന്നു?

വിശുദ്ധ ഗ്രന്ഥത്തിൽ മൂക്കുത്തി, സെക്കന്റ് സ്റ്റെഡ് തുടങ്ങിയവ ധരിക്കുന്നതിനെപറ്റി അനുകൂലവും പ്രതികൂലവും നിക്ഷ്പക്ഷവുമായ വചനങ്ങൾ (ഏശയ്യ 3:16–23, എസെ. 16:12) കാണാം. (പലപ്പോഴും സൗന്ദര്യത്തിന്റേയോ അലങ്കാരത്തിന്റെയോ പ്രതീകങ്ങളായി). എന്നാൽ Overall Biblical teaching ലൂടെ ഒരു കാര്യം നമുക്ക് മനസ്സിലാക്കാം. ബൈബിൾ ഊന്നി പറയുന്നത് ഹൃദയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക (ആന്തരീക സ്വഭാവം) എന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയാണ്. അതായത്, ദൈവം നോക്കുന്നത് ബാഹ്യരൂപത്തിലല്ല, ഹൃദയഭാവത്തിലാണ്. "മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1 സാമു. 16:7). "ബാഹ്യമോടികളായ പിന്നിയ മുടിയോ സ്വർണ്ണാഭരണമോ വിശേഷ വസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം; പിന്നെയോ ദൈസസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്" (1 പത്രോ. 3:3–4).

"അതുപോലെതന്നെ, സ്ത്രീകൾ വിനയത്തോടും വിവേകത്തോടും കൂടെ ഉചിതമായവിധം വസ്ത്രധാരണം ചെയ്തു നടക്കണമെന്നു ഞാൻ ഉപദേശിക്കുന്നു. പിന്നിയ മുടിയോ സ്വർണമോ രത്നങ്ങളോ വിലയേറിയ ഉടയാടകളോ അണിഞ്ഞ് തങ്ങളെത്തന്നെ അലങ്കരിക്കരുത്. ദൈവഭയമുള്ള സ്ത്രീകൾക്കു യോജിച്ചവിധം സത്പ്രവൃത്തികൾ കൊണ്ട് അവർ സമലംകൃതരായിരിക്കട്ടെ" (1 തിമോ. 2: 9–10).

പുതിയ നിയമം ബാഹ്യമായ അലങ്കാരത്തെക്കാൾ ആന്തരീക ഗുണങ്ങൾക്കും എളിമയ്ക്കും ഊന്നൽ നൽകുന്നു. "മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു" (1 കോറി. 9:27).

"ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു" (1 യോഹ. 2:15–17).

ചുരുക്കത്തിൽ മൂക്കുത്തി, സെക്കന്റ് സ്റ്റെഡ്, മിഞ്ചി ശരീരത്തിൽ പച്ചകുത്തൽ, പുരുഷന്മാർ കാത് കുത്തൽ എന്നിവയെല്ലാം പാപമാണെന്ന് സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നില്ല. എന്നാൽ അവയെല്ലാം വിശ്വാസത്തിൽ വേര് ഊന്നികൊണ്ട് വളരെ വിവേകത്തോടെ ചെയ്യണമെന്ന് സഭ നമ്മെ നിർദ്ദേശിക്കുന്നു. അവയുടെ പിന്നിലെ ഉദ്ദേശശുദ്ധി വളരെ പ്രധാനമാണ്.

> **"എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്കു നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല."**
>
> **(1 കോറിന്തോസ് 6:12)**

കാലിന് നീട്ടക്കുറവുള്ള ഒരു വ്യക്തിയുടെ കാല് കർത്താവ് വലിച്ചു നീട്ടുന്നു

(താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2025 നവംബർ മാസം കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വന്ന് ഞാൻ ഒരു താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. വ്യാഴാഴ്ച ദിവസം ആരാധനയുടെ സമയത്ത് അൾത്താരയിൽ നിന്നും ബ്രദർ വിളിച്ചുപറഞ്ഞു: **"ചെറുപ്പം മുതൽ നടുവിന് വളവുള്ള ഒരു സഹോദരനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു"** എന്ന്. വീണ്ടും ബ്രദർ വിളിച്ചുപറഞ്ഞു: **"കാലിന് നീട്ടക്കുറവുള്ള ഒരു വ്യക്തിയുടെ കാല് കർത്താവ് വലിച്ചു നീട്ടുന്നു"** എന്ന്. ആ വ്യക്തി ഞാൻ ആയിരുന്നു. എനിക്ക് നാലാം ക്ലാസ് മുതലേ നടുവിന് വളവുണ്ടായിരുന്നു. കൂടാതെ ഒരു അപകടത്തിനുശേഷം എന്റെ ഇടത്തെ കാലിന് അര ഇഞ്ച് നീട്ടക്കുറവ് ഉണ്ടായിരുന്നു. നടക്കുമ്പോൾ ഇടത്തെ കാല് നിലത്ത് ഉറപ്പിച്ച് വച്ച് നടക്കാൻ എനിക്ക് സാധിക്കില്ലായിരുന്നു. ധ്യാനം കഴിഞ്ഞ് വെള്ളിയാഴ്ച വീട്ടിൽ ചെന്നതിനു ശേഷം രാത്രിയിൽ ഞാൻ കിടന്നുറങ്ങുമ്പോൾ രണ്ടേമുക്കാൽ സമയത്ത് എന്റെ ശരീരം മുഴുവനും ഒരു ചൂട് അനുഭവപ്പെട്ടു. എന്റെ കൈയും കാലും ആരോ വലിച്ചു നീട്ടുന്ന ഒരു അനുഭവം ഉണ്ടായി. തുടർന്ന് ഞാൻ എഴുന്നേറ്റു നിന്ന് കണ്ണാടിയിൽ നോക്കിയപ്പോൾ അത്ഭുതം എന്ന് പറയട്ടെ എനിക്ക് നിവർന്ന് നിൽക്കാൻ സാധിച്ചു. എന്റെ രണ്ട് കാലുകളും ഒരുപോലെ നിലത്തുറപ്പിച്ചാണ് ആ സമയത്ത് ഞാൻ നിന്നിരുന്നത്. പിന്നീട് ഞാൻ നടന്നു നോക്കിയപ്പോൾ എനിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. എന്റെ ഇടത്തെ കാല് കർത്താവ് വലിച്ചു നീട്ടി. ഇപ്പോൾ എനിക്ക് രണ്ടു കാലുകളും ഒരുപോലെ നിലത്തുറപ്പിച്ച് നടക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ നടുവിന്റെ വളവും പൂർണ്ണമായി സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. അത്ഭുത രോഗശാന്തി നൽകി എന്നെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

ആന്റോ
കണ്ടശാംകടവ്

മൂക്കുത്തി, സെക്കന്റ് സ്റ്റെഡ് ധരിച്ചിട്ടുള്ളവർ ഊരി മാറ്റി പ്രാർത്ഥിക്കുക

(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നോവേനയും)

2025 സെപ്റ്റംബർ മാസം മുതൽ ഞാൻ അത്ഭുതങ്ങളുടെ ജപമാല കാണാറുണ്ട്. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **"മൂക്കുത്തി, സെക്കന്റ് സ്റ്റെഡ് ധരിച്ചിട്ടുള്ളവർ ഊരി മാറ്റി പ്രാർത്ഥിക്കുക"** എന്ന്. ഞാൻ മൂക്കുത്തി ധരിച്ചിട്ടുണ്ടായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ച് പറഞ്ഞതിന് ശേഷം ഞാൻ എന്റെ മൂക്കുത്തി ഊരി മാറ്റി പ്രാർത്ഥിച്ചു. മൂക്കുത്തി, സെക്കന്റ് സ്റ്റെഡ് ഇവ ഊരി മാറ്റി പ്രാർത്ഥിക്കുമ്പോൾ തന്നെ അവരുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വരും എന്ന് റാഫേൽ അച്ചൻ ശുശ്രൂഷയിൽ പറയുന്നത് ഞാൻ കേട്ടിരുന്നു. എന്റെ മൂക്കുത്തി ഊരി മാറ്റിയതിനുശേഷം കരഞ്ഞ് പ്രാർത്ഥിക്കുവാനുള്ള കൃപ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. കൂടാതെ 20 വർഷത്തോളമായി എനിക്ക് PCOD ഉണ്ടായിരുന്നു. അതു മൂലം പിരീഡ്സ് സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. PCOD മൂലം ശക്തമായ മുടികൊഴിച്ചിൽ ഉണ്ടായിരുന്നു. കൂടാതെ ഡിപ്രഷൻ ഉണ്ടായിരുന്നു. പലതരത്തിൽ മൂഡ് ചേഞ്ച് ആകുന്ന അവസ്ഥകൾ ഉണ്ടായിരുന്നു. പല ചികിത്സകളും ചെയ്തു. പലതരത്തിലുള്ള മരുന്നുകൾ ഞാൻ കഴിച്ചു. ഇതൊരു ജീവിതശൈലി രോഗമായതിനാൽ തന്നെ ഈ രോഗം മാറില്ല എന്നും അതിനെ നിയന്ത്രിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നും എനിക്ക് അറിയാമായിരുന്നു. എന്റെ PCOD മൂലമുള്ള എല്ലാ പ്രശ്നങ്ങളും സൗഖ്യപ്പെടുന്നതിനുവേണ്ടി 10 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാം എന്ന് ഞാൻ തീരുമാനിച്ചു. കൂടാതെ എല്ലാ ദിവസവും രാത്രിയിൽ വെഞ്ചിരിച്ച ഒലിവ് ഓയിൽ കഴിച്ച് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അതിനോടൊപ്പം 33 ദിവസം വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ സമയത്ത് ഉപവസിച്ചു പ്രാർത്ഥിക്കുവാനുള്ള കൃപ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. അഞ്ചാമത്തെ അത്ഭുതങ്ങളുടെ ജപമാലയുടെ സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **"സ്നേഹ എന്ന മകളോട് കിട്ടിയ അനുഗ്രഹം സാക്ഷ്യപ്പെടുത്താൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. ആ സമയത്ത് എനിക്ക് വലിയ അത്ഭുതമായി. ഞാൻ ഹോസ്പിറ്റലിൽ ചെന്ന് ഡോക്ടറെ കണ്ട് സ്കാൻ ചെയ്തപ്പോൾ അത്ഭുതം എന്ന് പറയട്ടെ എന്റെ PCOD പൂർണ്ണമായും മാറിയെന്ന് ഡോക്ടർ പറഞ്ഞു. 20 വർഷമായുള്ള എന്റെ PCOD പൂർണ്ണമായും സൗഖ്യപ്പെട്ടിരുന്നു. PCOD മൂലം എന്റെ ഓവറിയിൽ ധാരാളം സിസ്റ്റുകൾ ഉണ്ടായിരുന്നു. പലതവണ സ്കാൻ ചെയ്യുമ്പോഴും എന്റെ രണ്ട് ഓവറിയിലും സിസ്റ്റുകൾ കാണുമായിരുന്നു. എന്നാൽ ഇത്തവണ സ്കാൻ ചെയ്തപ്പോൾ രണ്ട് ഓവറികളുടെയും വലിപ്പം കുറയുകയും സിസ്റ്റുകൾ പൂർണ്ണമായും മാറുകയും ചെയ്തു. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. കൂടാതെ അത്ഭുതങ്ങളുടെ ജപമാല കാണുന്നത് വഴിയായി ദൈവം എപ്പോഴും എന്റെ കൂടെയുണ്ട് എന്ന വിശ്വാസം നേടിയെടുക്കാൻ എനിക്ക് സാധിച്ചു. എന്റെ ജോലി മേഖലയിലും അഭിവൃദ്ധി നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. ഇത്രയും വലിയ അത്ഭുതങ്ങൾ ചെയ്തു തന്ന കർത്താവിന് ഒരായിരം നന്ദി.

സ്നേഹ, ഒല്ലൂർ

അമിതമായി വായുഗുളിക കഴിക്കുന്ന അൽഫോൺസ് എന്ന മകന് അതിൽ നിന്നും വിടുതൽ നൽകി കർത്താവ് അനുഗ്രഹിക്കുന്നു

(ശാലോം ഏൽറൂഹ ദൈവവചന ശുശ്രൂഷ)

2023 നവംബർ മാസമാണ് അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് ഞാൻ യാദൃശ്ചികമായി അറിയാൻ ഇടയായത്. അന്നത്തെ അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ വിളിച്ചു പറഞ്ഞു: **"അൽഫോൺസ് എന്ന മകനെ കർത്താവ് അനുഗ്രഹിക്കുന്നു"** എന്ന്. എന്റെ മകന്റെ പേര് അൽഫോൺസ് എന്നാണ്. ന്യൂസിലാൻഡിൽ ജോലിയുമായി ബന്ധപ്പെട്ട് വലിയ ബുദ്ധിമുട്ടിലൂടെ അവൻ കടന്നു പോകുന്ന സമയമായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞതിനുശേഷം ന്യൂസിലാൻഡിൽ നല്ല ജോലി നൽകി കർത്താവ് അവനെ അനുഗ്രഹിച്ചു.

രണ്ടാമതായി, എന്റെ മകൻ ടെൻഷൻ വരുമ്പോൾ ധാരാളം വായുഗുളിക കഴിക്കുമായിരുന്നു. ഒരു ദിവസം ശനിയാഴ്ചയിലെ ശാലോം ടീവിയിലെ ഏൽ റൂഹ ദൈവവചന ശുശ്രൂഷ കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് എന്റെ മകൻ വായുഗുളിക കഴിക്കാനായി കയ്യിലെടുത്ത അതേ സമയത്ത് തന്നെ അച്ചൻ വിളിച്ചുപറഞ്ഞു: **"അമിതമായി വായുഗുളിക കഴിക്കുന്ന അൽഫോൺസ് എന്ന മകന് അതിൽ നിന്നും വിടുതൽ നൽകി കർത്താവു അനുഗ്രഹിക്കുന്നു"** എന്ന്. അതിനു ശേഷം ഒരു വർഷമായി എന്റെ മകൻ വായുഗുളിക കഴിച്ചിട്ടില്ല. വലിയ വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു.

മൂന്നാമതായി, എന്റെ മരുമകൾ അബുദാബിയിലാണ് ജോലി ചെയ്യുന്നത്. ജോലി ചെയ്യുന്ന സ്ഥാപനത്തിലെ പ്രധാന ചുമതലയുള്ള വ്യക്തിയുടെ പെരുമാറ്റം മൂലം അവൾ വല്ലാതെ സമ്മർദ്ദം അനുഭവിച്ചിരുന്നു. വലിയ മാനസിക സംഘർഷത്തിലൂടെ കടന്നു പോകുന്ന സമയത്ത് ജോലി റിസൈൻ ചെയ്തു വരുവാൻ തീരുമാനിച്ചു. ഞങ്ങൾ അത്ഭുതങ്ങളുടെ ജപമാലയിൽ എന്റെ മരുമകൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **"സെക്കന്റ് സ്റ്റെഡ് ഊരി മാറ്റി പ്രാർത്ഥിക്കുകയാണെങ്കിൽ ബന്ധനങ്ങൾ അഴിയും"** എന്ന്. എന്റെ മരുമകൾ സെക്കൻഡ് സ്റ്റെഡ് കുത്തിയിട്ടുണ്ടായിരുന്നു. അവളെ ഫോണിൽ വിളിച്ച് സംസാരിക്കുന്ന സമയത്ത് സെക്കൻഡ് സ്റ്റെഡ് ഊരി മാറ്റി പ്രാർത്ഥിക്കാൻ അവളോട് ഞങ്ങൾ ആവശ്യപ്പെട്ടു. ഉടനെ തന്നെ മരുമകൾ ആഗ്രഹിച്ചു കുത്തിയ സെക്കന്റ് സ്റ്റെഡ് ഊരിമാറ്റി പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ കുറച്ചു നിമിഷങ്ങൾക്ക് ശേഷം അവരുടെ സ്ഥാപനത്തിൽ നിന്നും ആ പ്രധാനപ്പെട്ട ചുമതല ഉണ്ടായിരുന്ന വ്യക്തിയെ മറ്റൊരു ഹോസ്പിറ്റലിലേക്ക് സ്ഥലം മാറ്റിയെന്ന് മകൾ വിളിച്ചു പറഞ്ഞു. സെക്കന്റ് സ്റ്റെഡ് ഊരി മാറ്റിയത് വഴി ജോലി മേഖലയിൽ വലിയ അത്ഭുതം പ്രവർത്തിച്ച കർത്താവിന് ഒരായിരം നന്ദി.

നാലാമതായി, ഞാൻ ഒരു ശനിയാഴ്ച ഏകദിന ബൈബിൾ കൺവെൻഷനിൽ ധ്യാനഹാളിന്റെ ഏറ്റവും പുറകിൽ നിന്ന് സംബന്ധിക്കുന്ന സമയത്ത് ആരാധനയുടെ സമയത്ത് അൾത്താരയിൽ നിന്നും ബ്രദർ വിളിച്ച് പറഞ്ഞു: **"ഡൊമിനിക്ക് എന്ന മകന്റെ അടുത്ത് ഡൊമിനിക് എന്ന പുണ്യാളൻ വന്നു നിൽക്കുന്നു, ആ മകന്റെ തലയിൽ നിന്നും ഒരു വസ്തു ആ പുണ്യാളൻ എടുത്തു മാറ്റുന്നു"** എന്ന്. ആ സന്ദേശം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമായി. ഏകദേശം 35 വർഷത്തോളമായി എന്റെ തലയിൽ നിന്നും ഒരു ദ്രാവകം തൊണ്ട കുഴിയിലേക്ക് ഇറങ്ങിവരുന്ന ഒരു അവസ്ഥ ഉണ്ടായിരുന്നു. വലിയ ബുദ്ധിമുട്ടിലൂടെയായിരുന്നു ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്. പല ഡോക്ടർ മാരെയും കാണിച്ചെങ്കിലും രോഗം എന്തെന്ന് കണ്ടുപിടിക്കാൻ സാധിച്ചില്ല. പല ടെസ്റ്റുകളും സ്കാനിങ്ങും ചെയ്തെങ്കിലും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. 35 വർഷമായി വലിയ അസ്വസ്ഥതയിലൂടെയാണ് ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്. യാത്ര ചെയ്യുമ്പോഴും പല പരിപാടികളിലും പങ്കെടുക്കുമ്പോഴും വലിയ ബുദ്ധിമുട്ടായിരുന്നു. അതുകൊണ്ടുതന്നെ പുറത്തു പോകാൻ വലിയ മടിയായിരുന്നു. ഹോമിയോ ചികിത്സകളും ആയുർവേദ ചികിത്സകളും മാറി മാറി ചെയ്തുവെങ്കിലും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ഏൽ റൂഹ ശുശ്രൂഷയിൽ നിന്നും കിട്ടിയ ബോധ്യങ്ങൾ അനുസരിച്ച് എല്ലാ ദിവസവും വെളുപ്പിന് എഴുന്നേറ്റ ഉടനെ രണ്ടു സ്പൂൺ വെഞ്ചിരിച്ച തേനും വെഞ്ചിരിച്ച ഒലിവ് ഓയിലും കഴിച്ചു ഞാൻ പ്രാർത്ഥിക്കുമായിരുന്നു. ബ്രദർ ഈ സന്ദേശം വിളിച്ചു പറഞ്ഞതിനു ശേഷം പിന്നീട് ഈ ഒരു രോഗാവസ്ഥ എനിക്കുണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

ഡൊമിനിക്
കാഞ്ഞിരപ്പള്ളി

ഹൈപ്പർ ആക്ടീവായ ഒരു കുഞ്ഞിനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2025 ഒക്ടോബർ മാസം അഞ്ചാം തീയതി ഞാനും ഭർത്താവും കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. എന്റെ മകന് ഇപ്പോൾ മൂന്നര വയസ്സ് പ്രായമുണ്ട്. ഒരു വയസ്സ് മുതൽ എന്റെ കുഞ്ഞ് ഹൈപ്പർ ആക്ടീവ് ആയിരുന്നു. എന്തെങ്കിലും ചോദിച്ചാൽ മറുപടി പറയില്ലായിരുന്നു. കൂടാതെ ഭയങ്കര പിടിവാശിയായിരുന്നു. എപ്പോഴും ബഹളം വയ്ക്കുമായിരുന്നു. വിശുദ്ധ കുർബാനയ്ക്ക് പള്ളിയിൽ പോയാൽ പോലും എന്റെ മകൻ അടങ്ങിയിരിക്കില്ലായിരുന്നു. രണ്ടര വർഷമായിട്ട് എനിക്കും എന്റെ ഭർത്താവിനും മുഴുവൻ കുർബാനയിൽ പങ്കെടുക്കുവാൻ സാധിച്ചിരുന്നില്ല. അത്രയ്ക്കും ഹൈപ്പർ ആക്ടീവ് ആയിരുന്നു എന്റെ മകൻ. എന്റെ മകന് സൗഖ്യം കിട്ടുന്നതിനുവേണ്ടി ധ്യാനത്തിന്റെ ഇടയിൽ ഞാൻ ശക്തമായി പ്രാർത്ഥിച്ചു. അഞ്ചാമത്തെ ദിവസം അച്ചൻ വിളിച്ചുപറഞ്ഞു: **"ഹൈപ്പർ ആക്ടീവായ ഒരു കുഞ്ഞിനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു"** എന്ന്. അത് എന്റെ മകൻ ആണെന്ന് ഞാൻ ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചു. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം എന്റെ മകന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ വന്നു തുടങ്ങി. എന്റെ മകന്റെ ഹൈപ്പർ ആക്ടിവിറ്റി പൂർണമായും സുഖപ്പെട്ടു. അവന്റെ പിടിവാശി പൂർണ്ണമായും വിട്ടുമാറി. എന്റെ കുഞ്ഞ് ഇപ്പോൾ പൂർണ്ണമായും ശാന്തതയിലേക്ക് വന്നു. ഇപ്പോൾ ക്ലാസ്സിൽ പോകാൻ തുടങ്ങി. അത്ഭുത രോഗശാന്തി നൽകി എന്റെ കുഞ്ഞിനെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.



ആഷ്‌ലി

ഭൂതോച്ചാടന വസ്തുക്കൾ ഉപയോഗിച്ച് പ്രാർത്ഥിച്ചതിലൂടെ ഡിപ്രഷൻ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

(ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

എനിക്ക് കുറച്ചു നാളുകളായി വർഷത്തിൽ രണ്ട് തവണയെങ്കിലും ഡിപ്രഷൻ വരുന്ന അവസ്ഥ ഉണ്ടായിരുന്നു. ആ സമയത്ത് ഡിപ്രഷൻ മൂന്ന് ആഴ്ചയോ അല്ലെങ്കിൽ രണ്ടുമാസം വരെയോ നീണ്ടുനിൽക്കുമായിരുന്നു. എന്റെ അവസ്ഥയെക്കുറിച്ച് ഞാൻ ആരോടും പറഞ്ഞിരുന്നില്ല. മരുന്ന് കഴിക്കാൻ താല്പര്യം ഇല്ലാത്തതു കാരണം ഡോക്ടറെയും കാണിച്ചില്ല. ഏൽ റൂഹ ശുശ്രൂഷകളിലൂടെ റാഫേൽ അച്ചൻ പറഞ്ഞ ബോധ്യങ്ങൾ അനുസരിച്ച് ഏൽ റൂഹ സ്റ്റാളിൽ നിന്നും ഭൂതോച്ചാടന വസ്തുക്കൾ വാങ്ങിയിരുന്നു. ഞാൻ പുറമെ നിന്നും ധാരാളം ഭക്ഷണങ്ങളൊക്കെ വാങ്ങി കഴിക്കുമായിരുന്നു. വെഞ്ചിരിച്ച തേനും വെഞ്ചിരിച്ച ഒലിവ് ഓയിലും ഹന്നാൻ വെള്ളവും കഴിച്ചു ഞാൻ പ്രാർത്ഥിച്ചു. അതിന്റെ ഫലമായി എന്റെ ഡിപ്രഷൻ പരിപൂർണ്ണമായി സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, എന്റെ സഹോദരൻ 20 വർഷമായി പള്ളിയിൽ പോകില്ലായിരുന്നു. ഞങ്ങളെല്ലാവരും വലിയ വിഷമത്തിൽ ആയിരുന്നു. വെഞ്ചിരിച്ച തേനും വെഞ്ചിരിച്ച ഒലിവ് ഓയിലും ഹന്നാൻ വെള്ളവും എന്റെ സഹോദരന് കഴിക്കാൻ കൊടുത്തിരുന്നു. അതിന്റെ ഫലമായി എന്റെ സഹോദരൻ എന്നോടൊപ്പം കടലുണ്ടി ഏൽറൂഹ ധ്യാനകേന്ദ്രത്തിൽ കൺവെൻഷനുകളിൽ വന്ന് പങ്കെടുത്തിരുന്നു. ഇപ്പോൾ ഒന്നര വർഷമായി എല്ലാ ദിവസവും എന്റെ സഹോദരൻ പള്ളിയിൽ പോകുന്നുണ്ട്.

മൂന്നാമതായി, എനിക്ക് 24 വർഷമായി ഗ്യാസ്ട്രോ ഈസോഫേഷ്യൽ റിഫ്ളക്സ് രോഗം ഉണ്ടായിരുന്നു. ആഹാരം കഴിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. ചില ഭക്ഷണങ്ങൾ ദഹിക്കില്ലായിരുന്നു. ശക്തമായ ഗ്യാസ്ട്രബിളും വയറുവേദനയും എരിച്ചിലും പുകച്ചിലും അനുഭവപ്പെടുമായിരുന്നു. ചില സമയങ്ങളിൽ ശർദ്ദിക്കുമ്പോൾ രക്തം വരെ വന്നിട്ടുണ്ട്. ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വന്ന സമയത്ത് കൗൺസിലിംഗ് ശുശ്രൂഷയിൽ പങ്കെടുത്തപ്പോൾ കൗൺസിലർ എന്നോട് ചോദിച്ചു: "വിഗ്രഹാർപ്പിത ഭക്ഷണം കഴിച്ചിട്ടുണ്ടോ?" എന്ന്. അനുതപിച്ച് കുമ്പസാരിക്കാൻ പറയുകയും ചെയ്തു. കൗൺസിലർ ചോദിച്ചതുപോലെ തന്നെ ഞാൻ അരവണ പായസം ഒത്തിരി കഴിച്ചിട്ടുണ്ട്. കൂടാതെ അമ്പലത്തിലെ അന്നദാനത്തിന് പങ്കെടുത്തിട്ടുണ്ട്. വിഗ്രഹാർപ്പിത ഭക്ഷണത്തിലൂടെയാണ് ഈ തിന്മ വന്നത് എന്ന് കൗൺസിലിങ്ങിലൂടെ എനിക്ക് മനസ്സിലായി. തുടർന്ന് ഞാൻ തുറന്ന കുമ്പസാരം നടത്തി. അതിനു ശേഷം എനിക്ക് ഈ രോഗം വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ എനിക്ക് കാൽമുട്ടിന് ശക്തമായ വേദനയും ബുദ്ധിമുട്ടും ഉണ്ടായിരുന്നു. സർജറി ആവശ്യമുണ്ടെന്ന് ഡോക്ടർ പറഞ്ഞിരുന്നു. ഫിസിയോതെറാപ്പി ചെയ്തുവെങ്കിലും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചത് വഴി കാൽമുട്ടിന് പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

നാലാമതായി, ഞങ്ങൾക്ക് കാപ്പിത്തോട്ടം ഉണ്ടായിരുന്നു. ചിലവ് വളരെ കൂടുതലും ലാഭം വളരെ കുറവുമായിരുന്നു. വെഞ്ചിരിച്ച കല്ലുപ്പ് വിശ്വാസത്തോടെ വിതറി പ്രാർത്ഥിച്ചത് വഴി സമൃദ്ധമായി വിളവ് നൽകി കർത്താവ് അനുഗ്രഹിച്ചു. ഇത്രയേറെ അനുഗ്രഹങ്ങൾ വർഷിച്ച യേശുവിന് ഒരായിരം നന്ദി.

അനീഷ്
മാനന്തവാടി

46 വർഷമായുള്ള സോറിയാസിസ് സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു... വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ചതിലൂടെ കൃഷിസ്ഥലത്തു നിന്നും വന്യജീവികളുടെ ശല്യം എടുത്തു മാറ്റി കർത്താവ് അനുഗ്രഹിച്ചു

(താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2023 ഒക്ടോബർ മാസം എട്ടാം തീയതി കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഞാൻ താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. 46 വർഷമായി എനിക്ക് ശരീരം മുഴുവനും ശക്തമായ സോറിയാസിസ് ഉണ്ടായിരുന്നു. പല ധ്യാനകേന്ദ്രങ്ങളിലും പോയി പ്രാർത്ഥിച്ചുവെങ്കിലും പല ചികിത്സകൾ ചെയ്തുവെങ്കിലും യാതൊരു മാറ്റവും എനിക്കുണ്ടായിരുന്നില്ല. കൂടാതെ ഞാൻ നന്നായി മദ്യം കഴിക്കുമായിരുന്നു. ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനത്തിന് വന്ന സമയത്ത് കൗൺസിലിംഗ് ശുശ്രൂഷയ്ക്കിടയിൽ എന്റെ സോറിയാസിസ് രോഗം പൂർണ്ണമായും സൗഖ്യപ്പെടുന്നുണ്ട് എന്ന് കൗൺസിലർ പറഞ്ഞിരുന്നു. കൂടാതെ മദ്യപാനത്തിൽ നിന്നും വിടുതൽ നൽകുന്നുണ്ടെന്നും എന്നോട് പറഞ്ഞിരുന്നു. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിന് ശേഷം ഇപ്പോൾ 2 വർഷമായി എനിക്ക് സോറിയാസിസ് രോഗം ഉണ്ടായിട്ടില്ല. എന്റെ രോഗം പൂർണമായും സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ 2 വർഷമായി ഇപ്പോൾ ഞാൻ മദ്യം കഴിക്കാറില്ല. പരിപൂർണ വിടുതൽ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

രണ്ടാമതായി, ഞാൻ മലയോര മേഖലയിൽ ആണ് താമസിക്കുന്നത്. എനിക്ക് തേയില തോട്ടവും കാപ്പി തോട്ടവും കുറച്ച് കൃഷി സ്ഥലങ്ങളും ഉണ്ട്. മലയോര മേഖല ആയതിനാൽ തന്നെ വന്യ ജീവികളുടെ ശല്യം ഉണ്ടായിരുന്നു. ഏൽ റൂഹ സ്റ്റാളിൽ നിന്ന് വാങ്ങിയ വെഞ്ചിരിച്ച കല്ലുപ്പ് വിശ്വാസപ്രമാണം ചൊല്ലി എന്റെ കൃഷി സ്ഥലത്ത് മുഴുവൻ ശക്തിയിൽ വിതറി ഞാൻ പ്രാർത്ഥിച്ചിരുന്നു. അത്ഭുതം എന്ന് പറയട്ടെ അതിനുശേഷം കാട്ടാനകളോ കുരങ്ങന്മാരോ എന്റെ പറമ്പിലേക്ക് കയറാറില്ല. തൊട്ടടുത്ത സ്ഥലങ്ങളിൽ ആന ശല്യവും കുരങ്ങ് ശല്യവും ഉണ്ട്. എന്നാൽ എന്റെ സ്ഥലത്തേക്ക് ആനകളും കുരങ്ങന്മാരും വരാറില്ല. പരിപൂർണ്ണ വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

ജോയി
മാനന്തവാടി

ഭൂതോച്ചാടന വസ്തുക്കൾ ഉപയോഗിച്ച് പ്രാർത്ഥിച്ചതിലൂടെ പാമ്പ് ശല്യം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു

എന്റെ വീട്ടിൽ ശക്തമായ പാമ്പ് ശല്യം ഉണ്ടായിരുന്നു. എല്ലാ ദിവസവും രാത്രിയിൽ ചുമരിലൂടെ വെള്ളിക്കെട്ടൻ പാമ്പ് ഇഴഞ്ഞു പോകുമായിരുന്നു. എല്ലാ ദിവസവും രണ്ട് പാമ്പിനെ തല്ലിക്കൊല്ലുന്ന അവസ്ഥയായിരുന്നു എന്റെ വീട്ടിൽ. ഒരു ശനിയാഴ്ച ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തിരുന്നു. അന്നേദിവസം ഏൽ റൂഹ സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച കല്ലുപ്പും, വെഞ്ചിരിച്ച തേനും, ഹന്നാൻ വെള്ളവും വാങ്ങിച്ചിരുന്നു. കൺവെൻഷൻ കഴിഞ്ഞ് വീട്ടിൽ ചെന്നയുടനെ വിശ്വാസപ്രമാണം ചൊല്ലി വീടിനു ചുറ്റും വെഞ്ചിരിച്ച കല്ലുപ്പ് വിതറി ഞാൻ പ്രാർത്ഥിച്ചു. അതിനുശേഷം ഇപ്പോൾ 13 മാസമായി എന്റെ വീട്ടിൽ പാമ്പ് വന്നിട്ടില്ല. പാമ്പ് ശല്യത്തിൽ നിന്ന് പൂർണ്ണമായി വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, ഞാൻ ഒരു കടുത്ത മദ്യപാനിയായിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുന്ന സമയം മുതൽ തന്നെ മദ്യം കഴിക്കുമായിരുന്നു. എന്റെ പഠനം കഴിഞ്ഞതിനു ശേഷം എട്ടര വർഷത്തോളം ഞാൻ കള്ള് ഷാപ്പിൽ ജോലി ചെയ്തിരുന്നു. 22 വയസ് മുതൽ രാവിലെ മദ്യം കിട്ടിയില്ലെങ്കിൽ എനിക്ക് പരവശം വരുമായി രുന്നു. പല ധ്യാനകേന്ദ്രങ്ങളിലും പോയി ധ്യാനത്തിൽ പങ്കെടുത്തെങ്കിലും 15 ദിവസത്തിൽ കൂടുതൽ മദ്യം കഴിക്കാതിരിക്കാൻ പറ്റുമായിരുന്നില്ല. അങ്ങനെയിരിക്കെ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഒരു താമസിച്ചുള്ള ധ്യാനത്തിൽ ഞാൻ പങ്കെടുത്തു. അതിനുശേഷം അത്ഭുതങ്ങളുടെ ജപമാല മുടങ്ങാതെ കണ്ടു ഞാൻ പ്രാർത്ഥിക്കുമായിരുന്നു. അതിന്റെ ഫലമായി മദ്യപാനത്തിൽ നിന്നും വിടുതൽ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. എന്റെ ജീവിതത്തിൽ നിന്നും മദ്യം പൂർണ്ണമായും ഒഴിവാക്കി. ഇപ്പോൾ ആറുമാസമായി ഞാൻ മദ്യം കഴിച്ചിട്ടില്ല. പരിപൂർണ്ണ വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.



റോയി, തൊടുപുഴ

മദ്യക്കുപ്പികൾ എടുത്തു മാറ്റിയത് വഴി അനിയന്ത്രിതമായി യൂറിൻ പോകുന്ന അവസ്ഥ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

എനിക്ക് കുറച്ച് നാളുകളായി അറിയാതെ യൂറിൻ പോകുന്ന അവസ്ഥ ഉണ്ടായിരുന്നു. ഒരു ദിവസം മുപ്പതും നാല്പതും പ്രാവശ്യം യൂറിൻ പോകുമായിരുന്നു. കുറച്ചു നാൾ കഴിഞ്ഞപ്പോൾ തുടർച്ചയായി യൂറിൻ പോകുന്ന അവസ്ഥ വന്നു തുടങ്ങി. ഡോക്ടർമാരെ കാണിച്ചെങ്കിലും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ഞാൻ അത്ഭുതങ്ങളുടെ ജപമാല കാണാറുണ്ടായിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **"മദ്യക്കുപ്പികൾ അലങ്കരിച്ചുവച്ചിട്ടുള്ളവർ എടുത്തു കളയുക"** എന്ന്. എന്റെ വീട്ടിൽ ധാരാളം മദ്യക്കുപ്പികൾ അലങ്കരിച്ചു വച്ചിട്ടുണ്ടായിരുന്നു. ആ കുപ്പികൾ എല്ലാം ഞാൻ എടുത്തു കളഞ്ഞു. അത്ഭുതമെന്നു പറയട്ടെ അന്ന് മുതൽ പിന്നീട് ഇത് വരെ അനിയന്ത്രിതമായി യൂറിൻ പോകുന്ന അവസ്ഥ എനിക്കുണ്ടായിട്ടില്ല. അത്ഭുത രോഗശാന്തി നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

ജോയ്സി, ചെന്നൈ

മരണപ്പെട്ട സഹോദരന്റെ ഷർട്ട് നശിപ്പിച്ചു കളഞ്ഞത് വഴി സോറിയാസിസ് രോഗം സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

(നിഷിദ്ധ വസ്തുക്കൾ എടുത്തുമാറ്റിയപ്പോൾ കിട്ടിയ അനുഗ്രഹം)

മരിച്ചുപോയ എന്റെ സഹോദരന് സോറിയാസിസ് രോഗം ഉണ്ടായിരുന്നു. എന്റെ സഹോദരന്റെ മരണശേഷം സഹോദരൻ ഉപയോഗിച്ചിരുന്ന ഷർട്ട് ഞാൻ ധരിക്കുമായിരുന്നു. അതിനുശേഷം എനിക്കും സോറിയാസിസ് രോഗം പിടിപെട്ടു. ഏൽ റൂഹ ശുശ്രൂഷകളിൽ മരിച്ചുപോയവരുടെ ചില വസ്തുക്കൾ ഉപയോഗിക്കരുതെന്ന് റാഫേൽ അച്ചൻ പറഞ്ഞതനുസരിച്ച് സഹോദരന്റെ ഓർമ്മയ്ക്കായി ധരിച്ചിരുന്ന ഷർട്ട് ഞാൻ നശിപ്പിച്ചു കളഞ്ഞു. അതിനുശേഷം പിന്നീട് സോറിയാസിസ് രോഗം എനിക്ക് വന്നിട്ടില്ല.യേശുവിന് ഒരായിരം നന്ദി.

രണ്ടാമതായി, ആഗസ്റ്റ് മാസത്തിൽ കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വന്ന് ഞാൻ താമസിച്ചുള്ള ഒരു ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ധ്യാനത്തിന് വന്ന സമയത്ത് ആദ്യത്തെ ദിവസം തന്നെ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **"ഒരു കോടിയോളം കടം ഉള്ള ഒരു മകന്റെ കടബാധ്യതയിൽ കർത്താവ് ഇടപെടുന്നു"** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. എനിക്ക് ഒരു കോടിയോളം രൂപ കടബാധ്യത ഉണ്ടായിരുന്നു. താമസിച്ചുള്ള ധ്യാനത്തിന് വരുന്ന സമയത്ത് എന്റെ കടബാധ്യതയെല്ലാം എണ്ണിത്തിട്ടപ്പെടുത്തിയതിന് ശേഷം ഒരു വിഹിതം ദശാംശം നൽകാമെന്ന് നിയോഗം വച്ചാണ് ഞാൻ കടന്ന് വന്നിരുന്നത്. വ്യാഴാഴ്ച ദിവസവും റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **"ഒരു കോടിയോളം കടബാധ്യതയുള്ള ഒരു മകന്റെ ജീവിതത്തിൽ കർത്താവ് ഇടപെടുന്നു"** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. ധ്യാനം കഴിഞ്ഞ് വീട്ടിൽ ചെന്നതിനു ശേഷം പതിനേഴാമത്തെ ദിവസം ഒരു വ്യക്തി എന്നെ സമീപിക്കുകയും ആ സ്ഥലം വാങ്ങിക്കാൻ തയ്യാറാവുകയും ചെയ്തു. ഒരു വർഷമായി വിൽക്കാൻ സാധിക്കാതിരുന്ന എന്റെ സ്ഥലത്തിന്റെ വിൽപ്പന അത്ഭുതകരമായ രീതിയിൽ നടന്നു. അതിലൂടെ എന്റെ കടബാധ്യത വീട്ടാനായി സാധിച്ചു. എന്റെ സാമ്പത്തിക മേഖലയിൽ ഇടപെട്ട കർത്താവിന് ഒരായിരം നന്ദി.

മൂന്നാമതായി, എന്റെ വീട്ടിൽ നാളുകളായി ശക്തമായ ഉറുമ്പിന്റെ ശല്യം ഉണ്ടായിരുന്നു. ഭക്ഷണപദാർത്ഥങ്ങളിലും കിടക്കയിലും അലമാരയിലും ശക്തമായ ശല്യമായിരുന്നു.ഒരു വർഷത്തോളം ആയി ഉറുമ്പ് ശല്യം മൂലം വല്ലാതെ വിഷമിച്ചിരുന്നു. ധ്യാനം കഴിഞ്ഞ ഉടനെ വെഞ്ചിരിച്ച കല്ലുപ്പ് വീടിന് ചുറ്റും വിതറി പ്രാർത്ഥിക്കുകയും ഹന്നാൻ വെള്ളം തളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുതം എന്നു പറയട്ടെ ഒരാഴ്ചയ്ക്ക് ശേഷം ഞങ്ങളുടെ വീട്ടിൽ നിന്നും ഉറുമ്പ് ശല്യം വിട്ടുമാറി.അടിച്ചു വാരുമ്പോൾ ഉറുമ്പുകളെല്ലാം കൂട്ടത്തോടെ ചത്തു കിടക്കുന്നതാണ് കാണാൻ സാധിച്ചത്. ഇപ്പോൾ ഞങ്ങളുടെ വീട്ടിൽ ഉറുമ്പ് ശല്യം ഇല്ല. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

വിൻസെന്റ്
കർണാടക

മരിച്ചുപോയ അമ്മ ഉപയോഗിച്ചിരുന്ന പേഴ്സ് കൈവശം വച്ചിരിക്കുന്ന ഒരു മകളെ കർത്താവ് കാണിക്കുന്നു: ആ മകൾക്ക് ശക്തമായ ഗ്യാസ്ട്രബിൾ ഉണ്ട്. ആ പേഴ്സ് കത്തിച്ചു കളയാൻ സന്ദേശം തരുന്നു (താമസിച്ചുള്ള ഏൽ റൂഹ ധ്യാനം)

2025 സെപ്റ്റംബർ മാസം ഏഴാം തീയതി ഞാൻ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ചൊവ്വാഴ്ച ദിവസം റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **"മരിച്ചുപോയ അമ്മ ഉപയോഗിച്ചിരുന്ന പേഴ്സ് കൈവശം വച്ചിരിക്കുന്ന ഒരു മകളെ കർത്താവ് കാണിക്കുന്നു: ആ മകൾക്ക് ശക്തമായ ഗ്യാസ്ട്രബിൾ ഉണ്ട്. ആ പേഴ്സ് കത്തിച്ചു കളയാൻ സന്ദേശം തരുന്നു"** എന്ന്. ആ വ്യക്തി ഞാനായിരുന്നു. മരിച്ചുപോയ എന്റെ അമ്മയുടെ പേഴ്സ് ഞാൻ ഓർമ്മയ്ക്കായി സൂക്ഷിച്ചു വച്ചിരുന്നു. അച്ചൻ സന്ദേശത്തിൽ പറഞ്ഞതുപോലെ തന്നെ എനിക്ക് ശക്തമായ ഗ്യാസ്ട്രബിൾ ഉണ്ടായിരുന്നു. പലപ്പോഴും ഗ്യാസ്ട്രബിൾ വരുന്ന നേരത്ത് വലിയ അസ്വസ്ഥതകൾ വരുമായിരുന്നു. രാവിലെ കുർബാന കഴിഞ്ഞ് വരുമ്പോഴും വൈകുന്നേരം സന്ധ്യാ പ്രാർത്ഥനയ്ക്ക് ഇരിക്കുമ്പോഴും ശക്തമായ ഗ്യാസ്ട്രബിൾ വരുമായിരുന്നു. അതിനുശേഷം ഞാൻ അച്ചനെ കാണുകയും അച്ചൻ എന്റെ തലയിൽ കൈകൾ വച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ മരിച്ചുപോയ അമ്മയ്ക്ക് വേണ്ടി 12 കുർബാന ചൊല്ലിക്കാൻ പറഞ്ഞു. ധ്യാനം കഴിഞ്ഞ് വീട്ടിൽ ചെന്നതിന് ശേഷം ഞാൻ അച്ചൻ പറഞ്ഞതുപോലെ ചെയ്തു. എന്റെ അമ്മയുടെ ഓർമ്മയ്ക്കായി സൂക്ഷിച്ചിരുന്ന പേഴ്സ് ഞാൻ കത്തിച്ചു കളഞ്ഞു. അത്ഭുതം എന്ന് പറയട്ടെ എന്റെ ഗ്യാസ്ട്രബിൾ പൂർണ്ണമായും സൗഖ്യപ്പെട്ടു. അതിനുശേഷം എനിക്ക് ഇതുവരെ ഗ്യാസ്ട്രബിൾ ഉണ്ടായിട്ടില്ല. ഇത്രയും വലിയ സൗഖ്യം നൽകി എന്നെ അനുഗ്രഹിച്ച കർത്താവിന് കോടാനുകോടി നന്ദി.

ആനി
ചാലക്കുടി

വെഞ്ചിരിച്ച കല്ലുപ്പ് ഇട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി 10 വർഷമായി വിൽക്കാൻ സാധിക്കാതിരുന്ന സ്ഥലത്തിന്റെ വിൽപ്പനാ തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു

(ഭൂതോച്ചാടന വസ്തുക്കളുടെ പ്രാധാന്യം)

10 വർഷത്തോളമായി 1 ഏക്കർ വരുന്ന ഞങ്ങളുടെ സ്ഥലം വിൽക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. വെഞ്ചിരിച്ച കല്ലുപ്പ് വിതറി പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായി സ്ഥലത്തിന്റെ വിൽപ്പനാ തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ നാളുകളായി എന്റെ വീട്ടിൽ ഒച്ചിന്റെയും ഉറുമ്പിന്റെയും എലിയുടെയും ശല്യം ഉണ്ടായിരുന്നു. വീട് മുഴുവൻ ഹന്നാൻ വെള്ളം തളിച്ചും കുന്തിരിക്കം പുകച്ചും വെഞ്ചിരിച്ച കല്ലുപ്പ് വിതറിയും ബന്ധന പ്രാർത്ഥന ചൊല്ലിയും പ്രാർത്ഥിച്ചതിന്റെ ഫലമായി ക്ഷുദ്ര ജീവികളുടെ ശല്യങ്ങൾ എടുത്തുമാറ്റി വലിയ വിടുതൽ നൽകി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ ബാത്റൂമിൽ നിന്നും സിങ്കിൽ നിന്നും ദുർഗന്ധം വരുന്ന അവസ്ഥ ഉണ്ടായിരുന്നു. ബന്ധന പ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി ദുർഗന്ധം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, അഞ്ചു വയസ്സ് പ്രായമുള്ള എന്റെ കൊച്ചുമകൾക്ക് മാസങ്ങളായി വിട്ടുമാറാത്ത ചുമയുണ്ടായിരുന്നു. രാത്രിയിലും ശക്തമായ ചുമ വന്ന് ശർദ്ദിക്കുമായിരുന്നു. വെഞ്ചിരിച്ച തേൻ നൽകി പ്രാർത്ഥിച്ചതിന്റെ ഫലമായി കുഞ്ഞിന്റെ ചുമ പൂർണമായും വിട്ടുമാറി. കൂടാതെ, എനിക്ക് നാളുകളായി സ്പോണ്ടിലൈറ്റിസ് എന്ന രോഗം ഉണ്ടായിരുന്നു. പല ചികിത്സകൾ ചെയ്തെങ്കിലും പല മരുന്നുകൾ കഴിച്ചെങ്കിലും യാതൊരുവിധ ഫലവും ഉണ്ടായിരുന്നില്ല. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി ഇപ്പോൾ നാലുമാസമായി സ്പോണ്ടിലൈറ്റിസ് എന്ന രോഗം എനിക്ക് ഉണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.

ലിസമ്മ, ഉളിക്കൽ

വിസാ തടസ്സമുള്ള മക്കളോട് മൂക്കുത്തിയും സെക്കന്റ് സ്റ്റെഡും അഴിച്ചു മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു

(അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും)

2023–ൽ ഇറ്റലിയിലേക്ക് പോകാൻ ഞാൻ വർക്ക് വിസക്ക് അപേക്ഷിച്ചിരുന്നു. പിന്നീട് ആറുമാസം കഴിഞ്ഞപ്പോൾ ഞാൻ മൂക്കുത്തി ധരിച്ചിരുന്നു. മൂക്കുത്തി ധരിച്ചതിനുശേഷം വിസയുമായി ബന്ധപ്പെട്ട് ഒത്തിരി പ്രശ്നങ്ങൾ ഉണ്ടാകാൻ തുടങ്ങി. 2024–ൽ വീണ്ടും വർക്ക് വിസക്ക് അപേക്ഷിച്ചു എങ്കിലും എനിക്ക് വിസ കിട്ടിയില്ല. ആ സമയത്ത് എന്റെ കൂട്ടുകാരി പറഞ്ഞാണ് ഏൽ റൂഹ ധ്യാന കേന്ദ്രത്തെക്കുറിച്ച് ഞാൻ അറിയുന്നത്. തുടർന്ന് ഒരു ദിവസം ഏൽ റൂഹ ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കാൻ കടലുണ്ടി ധ്യാനകേന്ദ്രത്തിൽ ഞാൻ വന്നു. അന്നേദിവസം അച്ചൻ വിളിച്ചു പറഞ്ഞു: **"വിസാ തടസ്സമുള്ള മക്കളോട് മൂക്കുത്തിയും സെക്കന്റ് സ്റ്റെഡും ഊരി മാറ്റി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു"** എന്ന്. ഉടനെ കൺവെൻഷൻ കഴിഞ്ഞ് വീട്ടിൽ ചെന്നതിനുശേഷം ഞാനെന്റെ മൂക്കുത്തി ഊരി മാറ്റി പ്രാർത്ഥിച്ചു. 2025 ൽ വീണ്ടും വിസക്ക് അപ്ലൈ ചെയ്തു. അധികം വൈകാതെ എന്റെ പാസ്പോർട്ടിൽ വിസ അടിച്ചു തന്നു. എന്റെ വിസാ തടസ്സം പൂർണ്ണമായി എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, എനിക്ക് വയറ്റിൽ ഒരു മുഴയുണ്ടായിരുന്നു. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി ആ മുഴ എടുത്തുമാറ്റി കർത്താവ് എന്നെ അനുഗ്രഹിച്ചു. കൂടാതെ എന്റെ മകന്റെ ശരീരം മുഴുവനും ശക്തമായ ചുണങ്ങ് ഉണ്ടായിരുന്നു. പല ചികിത്സകൾ ചെയ്തുവെങ്കിലും പല മരുന്നുകൾ കഴിച്ചുവെങ്കിലും മാറ്റം ഉണ്ടായിരുന്നില്ല. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി ചുണങ്ങ് പൂർണ്ണമായി സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ എന്റെ വീട്ടിൽ ധാരാളം ഒച്ച് ശല്യം ഉണ്ടായിരുന്നു. വെഞ്ചിരിച്ച കല്ലുപ്പ് ശക്തിയിൽ വിതറി പ്രാർത്ഥിച്ചതിന്റെ ഫലമായി ഒച്ച് ശല്യം പൂർണ്ണമായി എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ജിഷ
അങ്കമാലി

അനു എന്ന മകളുടെ സാമ്പത്തിക മേഖലയിൽ കർത്താവ് ഇടപെടുന്നു

2025 ജനുവരി മാസമാണ് അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് ഞാൻ അറിയുന്നത്. 33 ദിവസം നിയോഗം വെച്ച് അത്ഭുതങ്ങളുടെ ജപമാല കണ്ട് ഞാൻ പ്രാർത്ഥിച്ചിരുന്നു. എന്റെ വീട് ജപ്തിയിലായിരുന്നു. അതിനെ തുടർന്ന് ഞാൻ വളരെയധികം വിഷമത്തിലായിരുന്നു. പരിയാരം പള്ളിയിൽ വച്ച് നടന്ന ഏൽ റൂഹ ബൈബിൾ കൺവെൻഷനിൽ ഞാൻ പങ്കെടുത്തിരുന്നു. അന്നേ ദിവസം റാഫേൽ അച്ചനെ കണ്ട് പ്രാർത്ഥിക്കുവാൻ അവസരം ലഭിച്ചപ്പോൾ 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുവാൻ അച്ചൻ എന്നോട് ആവശ്യപ്പെട്ടു. തുടർന്ന് അത്ഭുതങ്ങളുടെ ജപമാല കണ്ട് ഞാൻ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. 81-ാം ദിവസം ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''അനു എന്ന മകളുടെ സാമ്പത്തിക മേഖലയിൽ കർത്താവ് ഇടപെടുന്നു''** എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. ഞങ്ങൾക്ക് പുൽ കൃഷിയാണ്. മൂന്നുവർഷമായി പുല്ലിന്റെ കൃഷി നടക്കുന്നുണ്ടായിരുന്നില്ല. അത്ഭുതകരമായി ഒരു വ്യക്തി സമീപിക്കുകയും പുല്ലുകൾ വിൽപ്പന നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ആദ്യത്തെ പലിശ അടച്ചു തീർക്കുവാൻ സാധിച്ചു. ഒരു വർഷമായി ഞങ്ങളുടെ വീട് ജപ്തി ചെയ്യുവാൻ ബാങ്ക് ശ്രമിക്കുന്നുണ്ടെങ്കിലും സാധിക്കുന്നുണ്ടായിരുന്നില്ല. നവംബർ ഇതുപത്തിയൊന്നാം തിയ്യതിക്ക് മുൻപ് പണം അടച്ചില്ലെങ്കിൽ ജപ്തി ചെയ്യുമെന്ന് ബാങ്കിൽ നിന്നും പറഞ്ഞിരുന്നു. രണ്ടുദിവസത്തിനുള്ളിൽ തന്നെ പണം എല്ലാം അടച്ച് തീർക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. അത്ഭുതകരമായ രീതിയിൽ വീടിന്റെ ജപ്തി ഒഴിവാക്കി തന്ന് എന്നെ അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

രണ്ടാമതായി, എനിക്ക് SLE രോഗം ഉണ്ടായിരുന്നു. തണുത്ത വെള്ളത്തിൽ കുളിക്കുവാൻ സാധിക്കില്ലായിരുന്നു. 11 വർഷമായിട്ട് ഞാൻ തണുത്ത വെള്ളം ഉപയോഗിക്കുന്നുണ്ടായിരുന്നില്ല. പരിയാരം കൺവെൻഷനിൽ പങ്കെടുക്കുന്ന സമയത്ത് കിട്ടിയ ബോധ്യമനുസരിച്ച് ഞാൻ ഉത്തരീയം കഴുത്തിൽ ധരിച്ചു. കൂടാതെ വെഞ്ചിരിച്ച തേനും ഒലിവോയിലും കഴിക്കുന്നുണ്ടായിരുന്നു. അതിന്റെ ഫലമായി തണുത്ത വെള്ളത്തിൽ കുളിക്കുവാനുള്ള കൃപ നൽകി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ 20 വർഷമായി എനിക്ക് പൈൽസ് രോഗം ഉണ്ടായിരുന്നു. ടെൻഷൻ വരുന്ന സമയത്ത് ബ്ലീഡിങ് വരുമായിരുന്നു. എന്റെ പൈൽസ് രോഗം പൂർണമായും സുഖപ്പെടുത്തി കർത്താവ് എന്നെ അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

അനു, പെരുമ്പാവൂർ

ലൂസി എന്ന മകളെ കർത്താവ് അനുഗ്രഹിക്കുന്നു

2025 മാർച്ച് മാസത്തിൽ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ധ്യാനത്തിനിടയിൽ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **''മുപ്ലിയം ഭാഗത്തു നിന്ന് വന്ന ഒരാളെ കർത്താവ് അനുഗ്രഹിക്കുന്നു''** എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചിരുന്നു. എനിക്ക് 13 വർഷത്തോളമായി ശക്തമായ തുമ്മലും മൂക്കൊലിപ്പും ഉണ്ടായിരുന്നു. പല ചികിത്സകളും ചെയ്തുവെങ്കിലും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ധ്യാനത്തിനു ശേഷം ഞാൻ മുടങ്ങാതെ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചുപറഞ്ഞു: **''ലൂസി എന്ന മകളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനു ശേഷം മൂക്കൊലിപ്പും തുമ്മലും എനിക്ക് വന്നിട്ടില്ല. ഇത്ര വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ലൂസി, തൃശൂർ

ഒൻപത് ഭവനത്തിൽ നിന്നും കൊതുകുശല്യം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിക്കുന്നു

ആറുമാസത്തോളമായി ഞാൻ മുടങ്ങാതെ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാറുണ്ട്. 29 വർഷത്തോളമായി എന്റെ വീട്ടിൽ ശക്തമായ കൊതുക് ശല്യം ഉണ്ടായിരുന്നു. ഒരു രാത്രി പോലും കൊതുക് വലയില്ലാതെ ഞങ്ങൾക്ക് കിടക്കാൻ സാധിക്കുകയില്ലായിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''9 ഭവനങ്ങളിൽ നിന്നും കൊതുകുശല്യം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിക്കുന്നു''** എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ ഞങ്ങളുടെ വീട്ടിൽ നിന്നും കൊതുക് ശല്യം എടുത്തു മാറ്റി കർത്താവ് അനുഗ്രഹിച്ചു. ഇപ്പോൾ ഒരു കൊതുക് പോലും ഞങ്ങളുടെ വീട്ടിൽ ഇല്ല.

രണ്ടാമതായി, മഴക്കാലം ആകുമ്പോഴും തണുപ്പുകാലത്തും എന്റെ വീട്ടിൽ ശക്തമായ പുഴുശല്യം ഉണ്ടായിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''ഒരു വീട്ടിൽ നിന്നും പുഴു ശല്യം കർത്താവ് എടുത്തു മാറ്റുന്നു''** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം പിന്നീട് പുഴുശല്യം ഉണ്ടായിട്ടില്ല. ഇത്രയും വലിയ അനുഗ്രഹം തന്ന ദൈവത്തിന് ഒരായിരം നന്ദി.

ഷൈല
പൂനെ

മഞ്ഞപ്പിത്തം മൂലം ഹോസ്പിറ്റലിൽ ആയിരിക്കുന്ന ഡേവിസ് എന്ന മകനെ കർത്താവ് സുഖപ്പെടുത്തുന്നു

ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''വത്സ എന്ന മകളോട് ശക്തമായി പ്രാർത്ഥിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു''** എന്ന്. എന്റെ ചേച്ചിയുടെ പേര് വത്സ എന്നാണ്. എന്റെ ചേച്ചിയുടെ മകൻ പട്ടാളത്തിലാണ് ജോലി ചെയ്യുന്നത്. ഒരു ദിവസം പെട്ടെന്ന് അവനു പനി പിടിക്കുകയും തുടർന്ന് ഹോസ്പിറ്റലിൽ കാണിക്കുകയും ചെയ്തു. ബ്ലഡ് ടെസ്റ്റ് ചെയ്തപ്പോൾ മഞ്ഞപിത്തം ആയിരുന്നു. ഞങ്ങൾ എല്ലാവരും വലിയ ദുഃഖത്തിൽ ആയിരുന്നു. തുടർന്ന് കരൾ മാറ്റിവെക്കണമെന്ന് ഡോക്ടർ പറഞ്ഞു. ഞങ്ങൾ അത്ഭുതങ്ങളുടെ ജപമാല കണ്ട് അവനു വേണ്ടി ശക്തമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഒരു ദിവസം അച്ചൻ വിളിച്ചു പറഞ്ഞു: **''മഞ്ഞപിത്തം മൂലം ഹോസ്പിറ്റലിൽ ആയിരിക്കുന്ന ഡേവിസ് എന്ന മകനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ആ മകന്റെ പേര് ഡേവിസ് എന്നായിരുന്നു. ഞങ്ങൾ ഉറച്ചു വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം ആ മകന് പരിപൂർണ്ണ സൗഖ്യം ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

സിനി, പാല

തങ്കച്ചൻ എന്ന മകന്റെ സ്ഥല വിൽപ്പന തടസ്സം കർത്താവ് എടുത്തു മാറ്റുന്നു

നാലു വർഷങ്ങൾക്കു മുമ്പ് കടലുണ്ടിയിൽ വന്ന് ഞാൻ ഒരു ധ്യാനത്തിൽ പങ്കെടുത്തിരുന്നു. കൂടാതെ രണ്ടു വർഷത്തോളം ആയി അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന വ്യക്തിയാണ് ഞാൻ. ആറു വർഷത്തോളമായി 10 സെന്റ് വരുന്ന ഒരു സ്ഥലവും വീടും എനിക്ക് വിൽക്കാൻ ഉണ്ടായിരുന്നു. പതിനഞ്ചോളം ആളുകൾ വന്നു കണ്ടെങ്കിലും ആ സ്ഥലം വിറ്റു പോവുന്നില്ലായിരുന്നു. ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചപ്പോൾ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''തങ്കച്ചൻ എന്ന മകന്റെ സ്ഥലത്തിന്റെ വില്പന തടസ്സം കർത്താവ് എടുത്തു മാറ്റുന്നു''** എന്ന്. വീണ്ടും മറ്റൊരു അത്ഭുതങ്ങളുടെ ജപമാലയിൽ അച്ചൻ ഇതേ സന്ദേശം വിളിച്ചു പറഞ്ഞു. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. നാലു മാസങ്ങൾക്കു മുമ്പ് അത്ഭുതകരമായ രീതിയിൽ എന്റെ സ്ഥലത്തിന്റെ വില്പന ഉദ്ദേശിച്ച വിലയ്ക്ക് തന്നെ നടക്കുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

തങ്കച്ചൻ
കൊട്ടിയൂർ

ഹോസ്പിറ്റലിൽ ആയിരിക്കുന്ന മേരി എന്ന മകളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു

രണ്ടു വർഷങ്ങൾക്കു മുമ്പ് എനിക്ക് ബ്രസ്റ്റിന് ക്യാൻസർ വന്നിരുന്നു. തുടർന്ന് കീമോയും റേഡിയേഷനും സർജറിയും ചെയ്തിരുന്നു. ഒരു ശനിയാഴ്ച ഏകദിന കൺവെൻഷനിൽ പങ്കെടുക്കാൻ വന്നപ്പോൾ റാഫേൽ അച്ചനെ കണ്ട സമയത്ത് 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് പഴയ റെക്കോർഡഡ് അത്ഭുതങ്ങളുടെ ജപമാല എടുത്തു കാണാൻ തുടങ്ങി. കൂടാതെ എന്റെ സഹോദരി 7 ശനിയാഴ്ച കടലുണ്ടി ഏൽറൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഏകദിന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ജനുവരി മാസത്തിൽ കഴുത്തിൽ വീണ്ടും ഒരു മുഴ വന്നു. ബയോപ്സിക്ക് അയച്ചപ്പോൾ ക്യാൻസർ ആണെന്ന് കണ്ടെത്തി. തുടർന്ന് 6 കീമോ ചെയ്യണമെന്നും രണ്ട് റേഡിയേഷൻ ചെയ്യണമെന്നും ഡോക്ടർ ആവശ്യപ്പെട്ടു. 5 കീമോ കഴിഞ്ഞപ്പോഴേക്കും എന്റെ ശരീരം തളർന്നു പോയിരുന്നു. ഏപ്രിൽ മാസം 14 -ാം തിയ്യതി ഞാൻ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയി. ഏപ്രിൽ 15-ാം തിയ്യതി അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **''ഹോസ്പിറ്റലിൽ ആയിരിക്കുന്ന മേരി എന്ന മകളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. 22 റേഡിയേഷൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞിരുന്നു. അതിനു മുൻപായി സ്കാനിങ് ചെയ്തപ്പോൾ അത്ഭുതം എന്നു പറയട്ടെ എന്റെ കഴുത്തിലെ മുഴ കാണാൻ ഉണ്ടായിരുന്നില്ല. അത്ഭുത രോഗശാന്തി നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.

മേരി
ചെമ്പനോട

വാഹനാപകടത്തിൽ പരിക്കേറ്റ്, കിടന്നുകൊണ്ട് അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുക്കുന്ന ഒരു സിസ്റ്ററിനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു

2025 മെയ് മാസം 31 -ാം തിയ്യതി എനിക്ക് ഒരു വാഹന അപകടം ഉണ്ടായി. അതിനെ തുടർന്ന് സ്പൈനൽ കോഡിനും തോളെല്ലിനും വാരിയെല്ലിനും ശക്തമായ രീതിയിൽ പരിക്കേറ്റിരുന്നു. കണ്ണൂർ മിംസ് ഹോസ്പിറ്റലിൽ ചെന്നപ്പോൾ പെട്ടെന്ന് തന്നെ മൂന്ന് സർജറി ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. പിന്നീട് മറ്റൊരു ഹോസ്പിറ്റലിലേക്ക് മാറിയപ്പോൾ സർജറി വേണ്ട എന്നും രണ്ട് മാസം ബെഡ് റെസ്റ്റ് എടുക്കണം എന്നും ഡോക്ടർ പറഞ്ഞു. 11 ദിവസം ഹോസ്പിറ്റലിൽ കിടന്നതിനു ശേഷം ഞാൻ ഡിസ്ചാർജ് ആയി കോൺവെന്റിൽ തിരിച്ചെത്തി. എന്റെ ശരീരം മുഴുവൻ അസ്സഹനീയമായ വേദനയായിരുന്നു. കോട്ടയം കുടമാളൂർ പള്ളിയിൽ വെച്ച് നടന്ന റാഫേൽ അച്ചന്റെ ഏൽ റൂഹ കൺവെൻഷനിൽ എന്റെ കോൺവെന്റിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തിരുന്നു. ആ സമയത്താണ് അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് അറിയാൻ ഇടയായത്. സിസ്റ്റേഴ്സ് പറഞ്ഞതിനെ തുടർന്ന് ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാൻ തീരുമാനിച്ചു. ജൂൺ 13-ാം തീയതി 13 അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചോളാം എന്ന് ഞാൻ നിയോഗം വെച്ചു. ജൂൺ 24-ാം തീയതി അത്ഭുതങ്ങളുടെ ജപമാല ലൈവ് ആയി കണ്ടുകൊണ്ടിരിക്കുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''വാഹനാപകടത്തിൽ പരിക്കേറ്റ്, കിടന്നുകൊണ്ട് അത്ഭുതങ്ങളുടെ ജപമാലയിൽ പങ്കെടുക്കുന്ന ഒരു സിസ്റ്ററിനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ഞാൻ വിശ്വസിച്ച് പ്രാർത്ഥിച്ചു. അന്നേ ദിവസം അത്ഭുതങ്ങളുടെ ജപമാലയുടെ അവസാനം വിശുദ്ധ കുർബാനയുടെ ആശീർവാദ സമയത്ത് എനിക്ക് സൗഖ്യം കിട്ടിയതായി അനുഭവപ്പെട്ടു. എന്റെ ശരീരത്തിലെ വേദനകൾ എല്ലാം പരിപൂർണ്ണമായി വിട്ടു മാറി. രണ്ട് മാസത്തിനുശേഷം MRI സ്കാനിങ് എടുത്തപ്പോൾ എല്ലാം പരിപൂർണ്ണമായി മാറിയിരിക്കുന്നു എന്ന് ഡോക്ടർ പറഞ്ഞു. വലിയ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു.

രണ്ടാമതായി, വാഹന അപകടത്തെ തുടർന്ന് മൂന്നരമാസത്തോളം എന്റെ സ്വരം നഷ്ടപ്പെട്ടിരുന്നു. അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''വോക്കൽ കോഡിനു പ്രശ്നമുള്ളവരും സ്വരത്തിന് പ്രശ്നമുള്ളവരും കുത്തി കുത്തി ചുമയുള്ളവരും വെഞ്ചിരിച്ച ഒലിവ് ഓയിൽ ചൂടുവെള്ളത്തിൽ ചേർത്ത് വിശ്വാസപ്രമാണം ചൊല്ലി കഴിക്കുക''** എന്ന്. അച്ചൻ പറഞ്ഞതുപോലെ അന്നുമുതൽ ചൂടുവെള്ളത്തിൽ അൽപം വെഞ്ചിരിച്ച ഒലിവ് ഓയിൽ ഒഴിച്ച് വിശ്വാസപ്രമാണം ചൊല്ലി കഴിച്ച് ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. അതിനു ശേഷം അത്ഭുതം എന്ന് പറയട്ടെ നഷ്ടപ്പെട്ട എന്റെ സ്വരം എനിക്ക് തിരിച്ചു നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. കുത്തിക്കുത്തിയുള്ള ചുമയും പൂർണമായി സൗഖ്യപ്പെടുത്തി. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

സിസ്റ്റർ ബിന്ദു, കുടമാളൂർ

മൈഗ്രെയ്ൻ തലവേദന ഉള്ളവർക്ക് കർത്താവ് സൗഖ്യം തരുന്നു

എനിക്ക് 33 വർഷമായി മൈഗ്രെയ്ൻ തലവേദന ഉണ്ടായിരുന്നു. ആദ്യനാളുകളിൽ ഒരുതവണ മാത്രമേ മൈഗ്രെയ്ൻ തലവേദന വരുമായിരുന്നുള്ളൂ. പിന്നീട് ഇടയ്ക്കിടെ വരാൻ തുടങ്ങി. തലവേദനയെ തുടർന്ന് ട്രിപ്പ് ഇട്ട് ഹോസ്പിറ്റലിൽ കിടക്കുമായിരുന്നു. 2024 മുതൽ ഞാൻ അത്ഭുതങ്ങളുടെ ജപമാല കാണുന്നുണ്ടായിരുന്നു. പല അത്ഭുതങ്ങളുടെ ജപമാല കാണുമ്പോഴും അച്ചൻ വിളിച്ചു പറയാറുണ്ട് : **''മൈഗ്രെയ്ൻ തലവേദന ഉള്ളവർക്ക് കർത്താവ് സൗഖ്യം തരുന്നു''** എന്ന്. അതിനുശേഷം ഇപ്പോൾ ഒരു വർഷമായി എനിക്ക് മൈഗ്രെയ്ൻ തലവേദന ഉണ്ടായിട്ടില്ല. ഇത്ര വലിയ അനുഗ്രഹം കിട്ടിയിട്ടും ഞാൻ സാക്ഷ്യപ്പെടുത്തിയിരുന്നില്ല. ഒരു വർഷത്തിനുശേഷം എനിക്ക് വീണ്ടും ചെറിയ തലവേദന വന്നു. അപ്പോഴാണ് സാക്ഷ്യപ്പെടുത്താത്ത കാര്യം എനിക്ക് ഓർമ്മ വന്നത്. കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്ന് സാക്ഷ്യപ്പെടുത്താം എന്ന് ഞാൻ തീരുമാനിച്ചു. അപ്പോൾ തന്നെ എനിക്ക് സൗഖ്യം ലഭിച്ചു. പിന്നീട് കടലുണ്ടി ധ്യാനകേന്ദ്രത്തിൽ വന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിനു ഒരുപാട് നന്ദി.



ഡെയ്സി, കാസർഗോഡ്

31 വർഷമായുള്ള വായിലെ തൊലി പോകുന്ന അവസ്ഥ സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു

എനിക്ക് ഇപ്പോൾ 36 വയസ്സ് പ്രായമുണ്ട്. എന്റെ ഓർമ്മവെച്ച നാൾമുതൽ ഏകദേശം UKG യിൽ പഠിക്കുന്ന സമയം മുതൽ തന്നെ എന്റെ വായിൽ തൊലി പോകുന്ന വലിയ ഒരു രോഗപീഡ എനിക്ക് ഉണ്ടായിരുന്നു. നാവിന്റെ അടിയിലും വായിലെ പല ഭാഗത്തായിട്ടും തൊലി പോകുമായിരുന്നു. വെള്ളം കുടിക്കാനോ ഭക്ഷണം കഴിക്കാനോ വലിയ ബുദ്ധിമുട്ടായിരുന്നു. മാസത്തിൽ രണ്ട് തവണയെങ്കിലും ഇങ്ങനെ വരും. ആയുർവേദം, ഹോമിയോ തുടങ്ങി പലതരം മരുന്നു കഴിച്ചിട്ടും ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ഡോക്ടറെ കാണിച്ചപ്പോൾ വിറ്റാമിന്റെ കുറവുകൊണ്ടാണ് ഇങ്ങനെ വരുന്നത് എന്നും ടെൻഷൻ കൂടുതലാണെങ്കിൽ ഇങ്ങനെ വരാൻ സാധ്യതയുണ്ടെന്നും പറഞ്ഞു. എന്റെ ഈ രോഗാവസ്ഥ മാറുന്നതിനു വേണ്ടി മൂന്ന് അത്ഭുതങ്ങളുടെ ജപമാല കണ്ട് നിയോഗം വെച്ച് പ്രാർത്ഥിക്കാൻ ഞാൻ തീരുമാനിച്ചു. അത്ഭുതം എന്ന് പറയട്ടെ ഇപ്പോൾ രണ്ടുമാസത്തോളമായി എനിക്ക് വായിൽ തൊലി പോകുന്ന അവസ്ഥ വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. ഇപ്പോൾ എന്റെ വായിൽ തൊലി പോകാറില്ല. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

കുര്യൻ, കോട്ടയം

തൈറോയ്ഡ് ക്യാൻസർ ആണോ എന്ന് പേടിച്ചിരിക്കുന്ന ഒരു മകളോട് കർത്താവ് പറയുന്നു റിസൾട്ട് നെഗറ്റീവ് ആണെന്ന്

2025 ഒക്ടോബർ മാസത്തിൽ എന്റെ സഹോദരന് കഴുത്തിൽ ഒരു മുഴ ഉണ്ടാവുകയും തുടർന്ന് സ്കാൻ ചെയ്തപ്പോൾ 60% തൈറോയ്ഡ് ക്യാൻസർ ആണെന്ന് റിസൾട്ട് വരുകയും ചെയ്തു. ഞങ്ങൾ വലിയ വിഷമത്തിൽ ആയിരുന്നു. തുടർന്ന് കുത്തിയെടുത്ത് പരിശോധിച്ചപ്പോഴും 60% ക്യാൻസർ ആണെന്ന് കണ്ടെത്തി. പെട്ടെന്ന് തന്നെ സർജറി ചെയ്യണമെന്നും 14 ദിവസത്തിനുള്ളിൽ ബയോപ്സിക്ക് അയക്കണമെന്നും ഡോക്ടർ പറഞ്ഞു. ഞാൻ മുടങ്ങാതെ അത്ഭുതങ്ങളുടെ ജപമാല കാണുന്ന വ്യക്തിയാണ്. ഞാൻ എന്റെ സഹോദരന് വേണ്ടി ശക്തമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരുന്നപ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''തൈറോയ്ഡ് ക്യാൻസർ ആണോ എന്ന് പേടിച്ചിരിക്കുന്ന ഒരു മകളോട് കർത്താവ് പറയുന്നു റിസൾട്ട് നെഗറ്റീവ് ആണ്''** എന്ന്. അത് എന്റെ സഹോദരൻ തന്നെയാണ് എന്ന് ഞാൻ ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചു. തുടർന്ന് സർജറി ചെയ്ത് ബയോപ്സിക്ക് അയച്ചപ്പോൾ റിസൾട്ട് നെഗറ്റീവ് ആയിരുന്നു. തൈറോയ്ഡ് ക്യാൻസർ പൂർണ്ണമായും സൗഖ്യപ്പെട്ടിരുന്നു. ഡോക്ടർ എന്നോട് പറഞ്ഞത് ഇങ്ങനെയാണ്: ''മുഴ 10 കഷണങ്ങൾ ആക്കി ഞാൻ പരിശോധിച്ചു നോക്കിയപ്പോഴും എല്ലാം നെഗറ്റീവ് ആയിരുന്നു. ഒരു ക്യാൻസർ സെല്ല് പോലും ഉണ്ടായിരുന്നില്ല'' എന്ന്. അത്ഭുത രോഗശാന്തി നൽകി എന്റെ സഹോദരനെ സൗഖ്യപ്പെടുത്തിയ കർത്താവിന് ഒരായിരം നന്ദി.

ലിജി
പോട്ട

വിവാഹ തടസ്സം ഉള്ളവർ പ്രാർത്ഥിക്കുക

എന്റെ ഒരു ബന്ധുവിന് 29 വയസ്സായിട്ടും വിവാഹം നടക്കുന്നുണ്ടായിരുന്നില്ല. അവനുവേണ്ടി അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **''വിവാഹ തടസ്സം ഉള്ളവർ പ്രാർത്ഥിക്കുക''** എന്ന്. ഞാൻ ശക്തമായി പ്രാർത്ഥിച്ചു. 2023 ൽ 30-ാമത്തെ വയസ്സിൽ ഭംഗിയായി അവന്റെ വിവാഹം നടന്നു. കൂടാതെ 34 വർഷമായുള്ള എന്റെ അമ്മയുടെ യൂറിനറി ഇൻഫെക്ഷനും 13 വർഷമായുള്ള ഉറക്കമില്ലാത്ത അവസ്ഥയും സഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

ഷാജി, വെണ്ടൂർ

അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും എന്ന ശുശ്രൂഷയിലൂടെ ലഭിച്ച അനുഗ്രഹങ്ങൾ

മാനസികരോഗികൾക്ക് സൗഖ്യം കിട്ടാൻ ദീർഘനാൾ തുടർച്ചയായി അത്ഭുതങ്ങളുടെ ജപമാലയും വിശുദ്ധ അന്തോണീസിനോടുള്ള നൊവേനയും കണ്ട് പ്രാർത്ഥിക്കുക

12 വയസ്സുള്ള എന്റെ മകനുവേണ്ടിയാണ് ഞാൻ സാക്ഷ്യപ്പെടുത്തുന്നത്. ഒന്നാം ക്ലാസിൽ പഠിക്കുന്ന സമയം മുതൽ അവന് വലിയ ഫോൺ അഡിക്ഷൻ ആയിരുന്നു. നാലാം ക്ലാസിൽ പഠിക്കുന്ന സമയം മുതൽ അതിന്റെ തീവ്രത വളരെ കൂടി. രാത്രിയും പകലും പൂർണ്ണമായും മൊബൈൽ ഫോണിൽ ആയിരുന്നു സമയം ചിലവഴിച്ചിരുന്നത്. ഞാൻ ഇസ്രായേലിലാണ് വർക്ക് ചെയ്യുന്നത്. എന്റെ ഭർത്താവും മകനുമാണ് വീട്ടിൽ ഉണ്ടായിരുന്നത്. എന്റെ ഭർത്താവിന് മകനെ നിയന്ത്രിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ഫോൺ അഡിക്ഷൻ ആയിരുന്നു. പലപ്പോഴും ഫോൺ വാങ്ങിക്കാൻ ശ്രമിക്കുമ്പോൾ എന്റെ മകൻ ഭർത്താവിന്റെ കഴുത്തിന് പിടിക്കുകയും കൈപിടിച്ച് ഞെരിക്കുകയും ഇടിക്കുകയും ചെയ്യുന്ന അവസ്ഥ ആയിരുന്നു. 12 വയസ്സ് പ്രായമുള്ള എന്റെ മകന്റെ ശരീരഭാരം 70 കിലോ ആയിരുന്നു പുറമേ നിന്നും ധാരാളം ബിരിയാണി, മന്തി വാങ്ങി കഴിക്കുമായിരുന്നു. വലിയ ആരോഗ്യമായിരുന്നു മകന് ഉണ്ടായിരുന്നത്. കൂടാതെ പൈശാചികത തോന്നുന്ന രീതിയിലുള്ള രൂപമായിരുന്നു അവന്റേത്. വലിയ വിഷമത്തിലൂടെയാണ് ഞങ്ങൾ കടന്നു പോയിക്കൊണ്ടിരുന്നത്. എന്റെ ഭർത്താവും മകനും ഒരു ദിവസം കടലുണ്ടി ഏൽ റൂഹ ധ്യാന കേന്ദ്രത്തിൽ വരുകയും റാഫേൽ അച്ചനെ കാണുകയും ചെയ്തു. അപ്പോൾ 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുവാനായി അച്ചൻ ആവശ്യപ്പെട്ടു. ഭർത്താവിന്റെ മൊബൈൽ ഫോൺ മകൻ ഉപയോഗിക്കുന്നതിനാൽ അദ്ദേഹത്തിന് അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാൻ സാധിക്കുമായിരുന്നില്ല. ഇസ്രായേലിലിരുന്ന് ഞാൻ എന്റെ മകനുവേണ്ടി 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചു. 80-ാം മത്തെ ദിവസം എന്റെ മകന് മാറ്റങ്ങൾ വന്നു തുടങ്ങി. 2024 ഡിസംബർ 31 -ാം തിയ്യതി 90-ാം മത്തെ ദിവസം എന്റെ മകനെ ഡി-അഡിക്ഷൻ സെന്ററിൽ എത്തിക്കാൻ ഞങ്ങൾക്ക് സാധിച്ചു. 2025 ഫെബ്രുവരി മാസം ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **''12 വയസ്സ് പ്രായമുള്ള, ഡി-അഡിക്ഷൻ സെന്ററിൽ ആയിരിക്കുന്ന ഒരു മകനെ കർത്താവ് സ്പർശിക്കുന്നു''** എന്ന്. അത് എന്റെ മകൻ തന്നെയാണെന്ന് വിശ്വസിച്ചു പ്രാർത്ഥിച്ചു. കൂടാതെ വെഞ്ചിരിച്ച തേനും വെഞ്ചിരിച്ച ഒലിവ് ഓയിലും അവന് ഞങ്ങൾ കഴിക്കാൻ കൊടുത്തിരുന്നു. അത്ഭുതം എന്ന് പറയട്ടെ എന്റെ മകന്റെ ശരീരഭാരം കുറഞ്ഞു. ഇപ്പോൾ മാന്നാനം ഹോസ്റ്റലിൽ നിന്ന് എന്റെ മകൻ ഏഴാം ക്ലാസിൽ പഠിക്കുന്നു. സാധാരണ ഒരു കുട്ടിയുടെ സ്വഭാവത്തിലേക്ക് അവൻ വന്നു. പരിപൂർണ്ണമായ വിടുതൽ നൽകി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

രണ്ടാമതായി, 20 വർഷത്തോളമായി എനിക്ക് ശക്തമായ മൈഗ്രെയിൻ തലവേദന ഉണ്ടായിരുന്നു. ധാരാളം വേദന സംഹാരി ഗുളികകൾ ഞാൻ കഴിക്കുമായിരുന്നു. വർഷങ്ങളായി ഞാൻ മൂക്കുത്തിയും, സെക്കന്റ് സ്റ്റെഡും കുത്തിയിട്ടുണ്ടായിരുന്നു. മൂക്കുത്തിയും, സെക്കന്റ് സ്റ്റെഡും ഊരി മാറ്റി പ്രാർത്ഥിച്ചതിന്റെ ഫലമായി ഇപ്പോൾ ഒരു വർഷത്തോളമായി എനിക്ക് മൈഗ്രെയ്ൻ തലവേദന ഇല്ല.

മൂന്നാമതായി, ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുമ്പോൾ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **''വർഷങ്ങളായി കുമ്പസാരിക്കാത്ത ഇപ്പോൾ സ്ട്രോക്ക് വന്നിരിക്കുന്ന ഒരു വ്യക്തിയോട് അനുതപിച്ചു കുമ്പസാരിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു''** എന്ന്. ഈ സന്ദേശം കേട്ടപ്പോൾ എനിക്ക് വലിയ അത്ഭുതമായി. ഇസ്രായേലിൽ കുമ്പസാരിക്കാനുള്ള സാഹചര്യം എനിക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് എന്റെ കുമ്പസാരം നീണ്ടു പോയിരുന്നു. 2025 സെപ്റ്റംബർ മാസത്തിൽ എനിക്ക് സ്ട്രോക്ക് വരികയും ഒരു വശം പൂർണ്ണമായി തളർന്നുപോവുകയും ചെയ്തിരുന്നു. ഞാൻ ഈ സന്ദേശം കേട്ട ഉടനെ അനുതപിച്ചു പ്രാർത്ഥിച്ചു. കൂടാതെ ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കണമേ എന്ന് പറഞ്ഞ് ആറ് മാസത്തോളം ഞാൻ അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുക്കാനുള്ള കൃപ നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. സ്ട്രോക്ക് വന്നതിനെ തുടർന്ന് എനിക്ക് ഒരു കൈ പൊക്കാൻ സാധിക്കുമായിരുന്നില്ല. കൂടാതെ എന്റെ കാലുകൾക്കും ബലം ഉണ്ടായിരുന്നില്ല. ധ്യാനത്തിൽ പങ്കെടുത്തതിലൂടെ എന്റെ കൈ പൂർണ്ണമായും പൊക്കാൻ ഉള്ള കൃപ കർത്താവ് നൽകി, എന്റെ കാലുകൾക്ക് ശക്തി കിട്ടി. എന്റെ നഷ്ടപ്പെട്ട ആരോഗ്യം തിരിച്ചു നൽകി കർത്താവു അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരായിരം നന്ദി.

മേഴ്സി
പാറോപ്പടി

38 വയസ്സ് പ്രായമുള്ള മനോജ് എന്ന മകന്റെ വിവാഹ തടസ്സം കർത്താവ് എടുത്തുമാറ്റുന്നു

എനിക്ക് 28 വയസ്സ് പ്രായമുള്ള സമയം മുതൽ വിവാഹം ആലോചിക്കുന്നുണ്ടെങ്കിലും ഒന്നും ശരിയാകുന്നുണ്ടായിരുന്നില്ല. 38 വയസ്സായിട്ടും എന്റെ വിവാഹം നടക്കുന്നുണ്ടായിരുന്നില്ല. പല ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനത്തിൽ പങ്കെടുത്തെങ്കിലും പല പ്രാർത്ഥനകൾ ചൊല്ലിയെങ്കിലും പത്തുവർഷമായിട്ടും എന്റെ വിവാഹ തടസ്സം മാറുന്നുണ്ടായിരുന്നില്ല. എന്റെ സുഹൃത്ത് പറഞ്ഞത് വഴിയാണ് ഞാൻ അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് അറിയുന്നത്. തുടർന്നു 33 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചു. ഒരു ദിവസം അച്ചൻ വിളിച്ചു പറഞ്ഞു: **''മനോജ് എന്ന മകനോട് ശക്തമായി പ്രാർത്ഥിക്കാൻ കർത്താവ് സന്ദേശം തരുന്നു''** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചിരുന്നു. കൂടാതെ 2024 ൽ കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ വന്ന് ഞാനും എന്റെ മാതാപിതാക്കളും ഒരു താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്തിരുന്നു. കൗൺസിലിങ്ങിനിടയിൽ 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കാനായി എന്നോട് ആവശ്യപ്പെട്ടു. ധ്യാനം കഴിഞ്ഞതിനുശേഷം 90 ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് ഞാൻ പ്രാർത്ഥിച്ചു. എല്ലാ ദിവസവും രാവിലെ 4.45ന് എഴുന്നേറ്റ് അത്ഭുതങ്ങളുടെ ജപമാല കാണുമായിരുന്നു. ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''38 വയസ്സ് പ്രായമുള്ള മനോജ് എന്ന മകന്റെ വിവാഹ തടസ്സം കർത്താവ് എടുത്തു മാറ്റുന്നു''** എന്ന്. എനിക്ക് വലിയ അത്ഭുതമായി. 90 അത്ഭുതങ്ങളുടെ ജപമാല കണ്ടുകഴിഞ്ഞപ്പോഴേക്കും നല്ലൊരു വിവാഹ ആലോചന വരികയും 38-ാമത്തെ വയസ്സിൽ വിവാഹം ഭംഗിയായി നടക്കുകയും ചെയ്തു. കൂടാതെ എന്റെ വീട്ടിലേക്ക് വരാൻ നല്ലൊരു വഴിയുണ്ടായിരുന്നില്ല. അത്ഭുതങ്ങളുടെ ജപമാലയിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി 10 വർഷമായിട്ടുള്ള വഴി തടസ്സം എടുത്തുമാറ്റി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം പ്രവർത്തിച്ച യേശുവിന് ഒരായിരം നന്ദി.



മനോജ്
വയനാട്

വെന്റിലേറ്ററിൽ ആയിരിക്കുന്ന ഒരു മകനെ കർത്താവ് സൗഖ്യപ്പെടുത്തുന്നു

2024 ജൂലൈ മാസം ഇരുപതാം തിയതി ഞാനും എന്റെ ഭർത്താവും എന്റെ മക്കളുടെ അടുത്തേക്ക് UK യിലേക്ക് പോയിരുന്നു. 10-ാം മത്തെ ദിവസം എന്റെ ഭർത്താവിന് പെട്ടെന്ന് വയ്യാതെ ആവുകയും തുടർന്ന് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ചെയ്തു. രോഗമെന്തെന്ന് കണ്ടുപിടിക്കാൻ സാധിച്ചിരുന്നില്ല. 12 ദിവസം വെന്റിലേറ്ററിൽ ആയിരുന്നു. പിന്നീട് മരിച്ചു എന്ന് ഡോക്ടർ വിധിയെഴുതി. ബോഡി കൊണ്ടുപോകുവാനുള്ള ആളു മാത്രം ഇവിടെ നിന്നാൽ മതി എന്ന് ഡോക്ടർ പറഞ്ഞു. ഞാൻ വലിയ വിഷമത്തിലായിരുന്നു. ആ സമയത്താണ് അത്ഭുതങ്ങളുടെ ജപമാലയെ കുറിച്ച് ഞാൻ അറിയുന്നത്. ഓഗസ്റ്റ് നാലാം തിയതി വിശ്വാസത്തോടുകൂടി എന്റെ ഭർത്താവിന് വേണ്ടി അത്ഭുതങ്ങളുടെ ജപമാല കണ്ടു പ്രാർത്ഥിച്ചു. ഒരു അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''വെന്റിലേറ്ററിൽ ആയിരിക്കുന്ന ഒരു വ്യക്തിയെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. അതെന്റെ ഭർത്താവാണെന്ന് ഞാൻ ഉറച്ചു വിശ്വസിച്ചു പ്രാർത്ഥിച്ചു. അത്ഭുതം എന്ന് പറയട്ടെ 25 ദിവസം വെന്റിലേറ്ററിൽ കിടന്നതിനു ശേഷം അഞ്ചുദിവസം വാർഡിൽ കിടക്കുകയും തുടർന്ന് ആരോഗ്യത്തോടെ തിരിച്ചു വരാൻ എന്റെ ഭർത്താവിന് സാധിക്കുകയും ചെയ്തു. മരിച്ചുവെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയ എന്റെ ഭർത്താവിന് ജീവൻ നൽകി, അത്ഭുത രോഗശാന്തി നൽകി അനുഗ്രഹിച്ച യേശുവിന് ഒരായിരം നന്ദി. ഇത്ര വലിയ അനുഗ്രഹം ലഭിച്ചിട്ടും ഞാൻ സാക്ഷ്യപ്പെടുത്തിയിരുന്നില്ല. കോട്ടപ്പുറം ഏൽ റൂഹ ബൈബിൾ കൺവെൻഷൻ നടന്ന സമയത്ത് റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **''മരിച്ചു എന്ന് ഡോക്ടർമാർ വിധിയെഴുതിയ ഒരു വ്യക്തിക്ക് കർത്താവ് അത്ഭുത രോഗശാന്തി നൽകിയിട്ടുണ്ട്, സാക്ഷ്യപ്പെടുത്താൻ സന്ദേശം തരുന്നു''** എന്ന്. അതു എന്റെ ഭർത്താവ് ആയിരുന്നു. അത്ഭുത രോഗശാന്തി നൽകി അനുഗ്രഹിച്ച കർത്താവിന് ഒരായിരം നന്ദി.

മോളി, കോട്ടപ്പുറം

രാത്രിയിൽ അറിയാതെ യൂറിൻ പോകുന്ന അവസ്ഥയുള്ള ഒരു കുട്ടിയെ കർത്താവ് സൗഖ്യപ്പെടുത്തുന്നു

എന്റെ മകൾക്ക് ഇപ്പോൾ പതിമൂന്ന് വയസ്സ് പ്രായമുണ്ട്. അവൾ ജനിച്ച നാൾ മുതൽ തന്നെ അറിയാതെ യൂറിൻ പോകുന്ന വലിയ ഒരു രോഗപീഡ ഉണ്ടായിരുന്നു. രാത്രിയിലും പകലും അറിയാതെ യൂറിൻ പോയിക്കൊണ്ടിരിക്കുമായിരുന്നു. വലിയ ബുദ്ധിമുട്ടിലൂടെയായിരുന്നു കുറെ വർഷങ്ങളായി എന്റെ മകൾ കടന്നുപോയിക്കൊണ്ടിരുന്നത്. ബെഡിൽ കിടന്നുറങ്ങാൻ എന്റെ മകൾക്ക് സാധിക്കുമായിരുന്നില്ല. അത്ഭുതങ്ങളുടെ ജപമാല മുടങ്ങാതെ കണ്ട് ഞാൻ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അതിന്റെ ഫലമായി പകൽ അറിയാതെ യൂറിൻ പോകുന്ന അവസ്ഥ മാറികിട്ടി. പലപ്പോഴും രാത്രിയിൽ അലാറം വെച്ചിട്ടാണ് മകളെ ടോയ്ലറ്റിൽ കൊണ്ടുപോയികൊണ്ടിരുന്നത്. എന്റെ മകളുടെ ഏറ്റവും വലിയ വിഷമം ബെഡിൽ കിടക്കാൻ സാധിക്കുന്നില്ല എന്നതായിരുന്നു. പിരീഡ്സ് സമയത്തും വളരെ ബുദ്ധിമുട്ടായിരുന്നു. രാത്രിയിൽ യൂറിനിലും ബ്ലഡിലും കിടന്നുറങ്ങേണ്ട അവസ്ഥയായിരുന്നു. ഏൽ റൂഹ സ്റ്റാളിൽ നിന്നും വെഞ്ചിരിച്ച തേൻ വാങ്ങി എന്റെ മകൾക്ക് ഞാൻ ദിവസവും കൊടുത്തിരുന്നു. കൂടാതെ കാത്തിരുന്ന് അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''രാത്രിയിൽ അറിയാതെ യൂറിൻ പോകുന്ന അവസ്ഥയുള്ള ഒരു കുട്ടിയെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. അതിനു ശേഷം ഇപ്പോൾ രണ്ടാഴ്ചയായി എന്റെ മകൾക്ക് അറിയാതെ യൂറിൻ പോകുന്ന അവസ്ഥ ഉണ്ടായിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു. ബെഡിൽ കിടന്നുറങ്ങാൻ എന്റെ മകൾക്ക് ഇപ്പോൾ സാധിക്കുന്നുണ്ട്.

രണ്ടാമതായി, എന്റെ മകളുടെ ഇടത്തെ ബ്രസ്റ്റിൽ ഒരു തടിപ്പ് ഉണ്ടായിരുന്നു. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി മുഴ പൂർണ്ണമായും സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. കൂടാതെ മകളുടെ തലയിൽ പൊറ്റ പോലെ താരൻ വരുമായിരുന്നു. വെഞ്ചിരിച്ച ഒലിവോയിൽ പുരട്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ തലയിലെ താരനും മുടികൊഴിച്ചിലും പൂർണ്ണമായും മാറിക്കിട്ടി.

മൂന്നാമതായി, എനിക്ക് യൂട്രസിൽ തടിപ്പും ഇൻഫെക്ഷനും ഉണ്ടായിരുന്നു. കൂടാതെ യൂറിനറി ബ്ലാഡർ ഇറങ്ങിവരുന്ന അവസ്ഥ ഉണ്ടായിരുന്നു. തുമ്മുമ്പോൾ യൂറിൻ പോകുമായിരുന്നു, മാത്രമല്ല ഇടത്തെ ഓവറിയിൽ സിസ്റ്റും ഉണ്ടായിരുന്നു. ഒരു ദിവസം പെട്ടെന്ന് ലേബർ പെയിൻ പോലെ സിവിയർ പെയിൻ വരുകയും ഹോസ്പിറ്റലിൽ കാണിക്കുകയും ചെയ്തു. എട്ടുമാസത്തോളമായി എനിക്ക് ശരിയായ രീതിയിൽ അല്ലായിരുന്നു പിരീഡ്സ് വന്നുകൊണ്ടിരുന്നത്. എട്ടു മാസത്തോളമായി ബ്ലീഡിങ് ഉണ്ടായിരുന്നില്ല. ഹോസ്പിറ്റലിൽ പോയി മരുന്ന് കഴിച്ചെങ്കിലും എന്റെ വേദന മാറുന്നുണ്ടായിരുന്നില്ല. പെട്ടെന്ന് എനിക്ക് ബ്ലീഡിങ് ഉണ്ടായി. അപ്പോൾ ഡോക്ടർമാർ പറഞ്ഞു ഇത് വലിയ അത്ഭുതമാണ് എന്ന്. അതിനുശേഷം പിരീഡ്സ് സംബന്ധമായ ബുദ്ധിമുട്ടുകൾ പരിപൂർണ്ണമായി സൗഖ്യപ്പെടുത്തി കർത്താവ് അനുഗ്രഹിച്ചു. പിന്നീട് സ്കാൻ ചെയ്തപ്പോൾ യൂട്രസിലെ തടിപ്പ് കാണുന്നുണ്ടായിരുന്നില്ല. കൂടാതെ യൂറിനറി ബ്ലാഡർ ഇറങ്ങിവരുന്ന അവസ്ഥ പൂർണ്ണമായും സൗഖ്യപ്പെട്ടു. ഇടത്തെ ഓവറിയിലെ സിസ്റ്റും കാണുന്നുണ്ടായിരുന്നില്ല. അത്ഭുത രോഗശാന്തി നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. യേശുവിന് ഒരായിരം നന്ദി.

ലൈജു, ചാലക്കുടി

കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികളെ കർത്താവ് അനുഗ്രഹിക്കുന്നു

(5 വർഷങ്ങളായി കുഞ്ഞുങ്ങൾ ഇല്ലാതിരുന്ന ദമ്പതികൾക്ക് കുഞ്ഞിനെ നൽകി കർത്താവ് അനുഗ്രഹിച്ചു)

എന്റെ വിവാഹം കഴിഞ്ഞ് അഞ്ചുവർഷമായിട്ടും എനിക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. നാലുവർഷമായി ഞങ്ങൾ അത്ഭുതങ്ങളുടെ ജപമാല കണ്ട് ഒരു കുഞ്ഞിനെ ലഭിക്കുന്നതിനുവേണ്ടി നിയോഗം വെച്ച് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. പല അത്ഭുതങ്ങളുടെ ജപമാല കാണുമ്പോഴും റാഫേൽ അച്ചൻ വിളിച്ചു പറയാറുണ്ട്: **''കുഞ്ഞുങ്ങൾ ഇല്ലാത്ത ദമ്പതികളെ കർത്താവ് അനുഗ്രഹിക്കുന്നു''** എന്ന്. അപ്പോഴെല്ലാം ഞാൻ ഉറച്ചു വിശ്വസിച്ചു പ്രാർത്ഥിച്ചിരുന്നു. പിന്നീട് ഞാൻ ഗർഭിണിയായി. കുഞ്ഞുണ്ടാവുന്നത് വരെ ഞാൻ 9 മാസം അത്ഭുതങ്ങളുടെ ജപമാല കണ്ട് മുടങ്ങാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനെ നൽകി കർത്താവ് ഞങ്ങളെ അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.



ആൽഫി
ഓസ്ട്രേലിയ

സ്ട്രോക്ക് വന്ന് കിടക്കുന്ന ഷീല എന്ന മകളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു

2023 ൽ എനിക്ക് സ്ട്രോക്ക് വരികയും ഒരു വശം മുഴുവൻ തളർന്നുപോവുകയും ചെയ്തു. ഒന്നരമാസത്തോളം ഞാൻ കിടപ്പിലായിരുന്നു. എന്റെ കൂട്ടുകാരി എനിക്ക് വേണ്ടി അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുന്ന സമയത്ത് അച്ചൻ വിളിച്ചു പറഞ്ഞു: **''സ്ട്രോക്ക് വന്നു കിടക്കുന്ന ഷീല എന്ന മകളെ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ആ എപ്പിസോഡ് എനിക്ക് അയച്ചു തരികയും ചെയ്തു. അതിനുശേഷം അത്ഭുതമെന്നു പറയട്ടെ കിടപ്പിലായിരുന്ന എനിക്ക് എഴുന്നേറ്റ് നടക്കാൻ സാധിച്ചു. എന്നെ കണ്ടപ്പോൾ എല്ലാവരും അത്ഭുതപ്പെട്ടു. ഇപ്പോൾ എല്ലാ ജോലികളും ചെയ്യാൻ എനിക്ക് സാധിക്കുന്നുണ്ട്. രണ്ടു വർഷമായി എനിക്ക് യാതൊരു കുഴപ്പവുമില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, എനിക്ക് രണ്ട് കാൽ മുട്ടിനും തേയ്മാനം ഉണ്ടായിരുന്നു. വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചതുവഴി രണ്ട് കാൽ മുട്ടിന്റെ തേയ്മാനം പൂർണ്ണമായി സൗഖ്യപ്പെട്ടു. ഇപ്പോൾ നീബെൽറ്റ് ഇടേണ്ട ആവശ്യമില്ല.

മൂന്നാമതായി, എന്റെ കാലിൽ മസ്സിൽ കയറുന്ന രോഗാവസ്ഥ ഉണ്ടായിരുന്നു. എല്ലാദിവസവും രാത്രി തണുപ്പ് അടിക്കുമ്പോൾ ശക്തമായ മസ്സിൽ കയറ്റം ഉണ്ടായിരുന്നു. ഒരു ദിവസം അത്ഭുതങ്ങളുടെ ജപമാല കണ്ട് പ്രാർത്ഥിക്കുമ്പോൾ അച്ചൻ വിളിച്ചു പറഞ്ഞു: **''മസ്സിൽ കയറ്റമുള്ള ഒരു വ്യക്തിയെ കർത്താവ് സുഖപ്പെടുത്തുന്നു''**എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു . അതിനുശേഷം ഇതുവരെ എനിക്ക് ഈ രോഗാവസ്ഥ വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

നാലാമതായി, എന്റെ ഭർത്താവിന് യൂറിൻ പോകാൻ തടസ്സം ഉണ്ടായിരുന്നു. എന്റെ ഭർത്താവിന്റെ ഈ രോഗാവസ്ഥ മാറി കിട്ടുന്നതിനുവേണ്ടി മൂന്ന് അത്ഭുതങ്ങളുടെ ജപമാല കണ്ട് നിയോഗം വെച്ച് പ്രാർത്ഥിച്ചു. കൂടാതെ വെഞ്ചിരിച്ച ഒലിവ് ഓയിൽ പുരട്ടി പ്രാർത്ഥിച്ചിരുന്നു. അത്ഭുതങ്ങളുടെ ജപമാല കണ്ടുകൊണ്ടിരിക്കുമ്പോൾ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **''മൂത്ര തടസ്സമുള്ള ഒരു മകനെ കർത്താവ് സുഖപ്പെടുത്തുന്നു, കുരുവിള എന്ന പേരും തരുന്നു''** എന്ന്. ഞങ്ങൾക്ക് വലിയ അത്ഭുതമായി. ഞങ്ങൾ വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം എന്റെ ഭർത്താവിന് ഇതുവരെ മൂത്രം തടസ്സം വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിന് ഒരുപാട് നന്ദി.

ഷീല, കോട്ടയം

മേരി എന്ന മകളുടെ നടുവേദന കർത്താവ് സൗഖ്യപ്പെടുത്തുന്നു

2021 മുതൽ മുടങ്ങാതെ അത്ഭുതങ്ങളുടെ ജപമാല കണ്ടു പ്രാർത്ഥിക്കുന്ന വ്യക്തിയാണ് ഞാൻ. എനിക്ക് ആറു വർഷത്തോളമായി ശക്തമായ നടുവേദന ഉണ്ടായിരുന്നു. അല്പനേരം കുനിഞ്ഞു ജോലി ചെയ്തു കഴിഞ്ഞാൽ പിന്നീട് നിവർന്ന് നിൽക്കണമായിരുന്നു. 200-ാം മത്തെ എപ്പിസോഡിൽ റാഫേൽ അച്ചൻ വിളിച്ചു പറഞ്ഞു: **''മേരി എന്ന മകളുടെ നടുവേദന കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. ഞാൻ വിശ്വസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം എനിക്ക് നടുവേദന വന്നിട്ടില്ല. പരിപൂർണ്ണ സൗഖ്യം നൽകി കർത്താവ് അനുഗ്രഹിച്ചു.

രണ്ടാമതായി, 199-ാമത്തെ എപ്പിസോഡിൽ റാഫേൽ അച്ചൻ വിളിച്ചുപറഞ്ഞു: **''ഒരു വ്യക്തിയുടെ ഹൃദയമിടിപ്പ് കൂടുന്ന അവസ്ഥ കർത്താവ് സൗഖ്യപ്പെടുത്തുന്നു''** എന്ന്. എനിക്ക് നാളുകളായി ഹൃദയമിടിപ്പ് കൂടുന്ന അവസ്ഥ ഉണ്ടായിരുന്നു. അച്ചൻ ഈ സന്ദേശം വിളിച്ചു പറഞ്ഞതിനുശേഷം എന്റെ ഹൃദയമിടിപ്പ് കൂടുന്ന അവസ്ഥ പരിപൂർണ്ണമായി സൗഖ്യപ്പെടുത്തി കർത്താവ് എന്നെ അനുഗ്രഹിച്ചു.പിന്നീട് ഹൃദയമിടിപ്പ് കൂടുന്ന അവസ്ഥ ഉണ്ടായിട്ടില്ല.ഇത്രയും വലിയ അനുഗ്രഹം തന്ന യേശുവിനു ഒരായിരം നന്ദി.

മേരി
നിലമ്പൂർ